# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

(THE FIRST MASJID IN INDIA & SECOND JUMA MASJID IN WORLD)


Website : www.cheramanmosque.com | www.cheramanjumamasjid.com
E-Mail: info@cheramanmosque.com | cheramanmasjid@gmail.com

Phone: 0480 - 2803170


## മഹല്ല് പൊതുയോഗം 2013

23.06.2013 ഞായറാഴ്ച രാവിലെ 9 മണിക്ക്
ചേരമാൻ ഓർഫനേജ് ഹാളിൽ



## നോട്ടീസ്

മാന്യരെ, السلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 23.06.2013 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട്ബുക്ക് കൊണ്ടുവരേണ്ടതാണ്. പൊതുയോഗനോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

05-06-2013
കൊടുങ്ങല്ലൂർ

എന്ന്,
**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**
സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | ജനാബ്. **ഡോ. പി.എ. മുഹമ്മദ് സഈദ്** | പ്രസിഡന്റ് |
| 2. | ജനാബ്. **യു.എ. സെയ്തു മുഹമ്മദ്** | വൈ: പ്രസിഡന്റ് |
| 3. | ജനാബ്. **എസ്.എ. അബ്ദുൽ കയ്യൂം** | സെക്രട്ടറി |
| 4. | ജനാബ്. **പി.എസ്. മുഹമ്മദ് റഷീദ്** | ജോ. സെക്രട്ടറി |
| 5. | ജനാബ്. **എ.കെ.കെ. നയന (മുത്തു)** | ട്രഷറർ |
| 6. | ജനാബ്. **കെ.എ. അമീർ അലി** | കമ്മറ്റി മെമ്പർ |
| 7. | ജനാബ്. **കെ.എ. അബ്ദുൽ കരീം** | കമ്മറ്റി മെമ്പർ |
| 8. | ജനാബ്. **ടി.എ. സിദ്ധീഖ്** | കമ്മറ്റി മെമ്പർ |
| 9. | ജനാബ്. **എ.എ. യൂസുഫ്** | കമ്മറ്റി മെമ്പർ |
| 10. | ജനാബ്. **കെ.എം. അബ്ദുൽ റഹിമാൻ** | കമ്മറ്റി മെമ്പർ |
| 11. | ജനാബ്. **കെ.പി. അഷ്റഫ്** | കമ്മറ്റി മെമ്പർ |
| 12. | ജനാബ്. **സി.കെ. അബ്ദുൽ കലാം** | കമ്മറ്റി മെമ്പർ |
| 13. | ജനാബ്. **പി.എം. അബ്ബാസ്** | കമ്മറ്റി മെമ്പർ |
| 14. | ജനാബ്. **കെ.വൈ. അക്ബർ** | കമ്മറ്റി മെമ്പർ |

ഓഡിറ്റേഴ്സ്

**ജനാബ്. എൻ.എ. അലി**

**ജനാബ്. സി.എ. അബ്ദുൽ റഷീദ്**

മുഖ്യ വരണാധികാരി

**ജനാബ് സി.വൈ. സലീം**

സഹവരണാധികാരി

**ജനാബ് നവാസ് പടുവിങ്ങൽ**

# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2012-2013) അവതരിപ്പിച്ച് പാസാക്കൽ
5. ചോദ്യങ്ങൾ - പ്രമേയങ്ങൾ
6. 2013-2014 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
8. 2013-2015 കാലയളവിലേക്കുള്ള മഹല്ല് ഓഡിറ്റർമാരെ തെരഞ്ഞെടുക്കൽ
9. സക്കാത്ത്, ഫിത്വർ സക്കാത്ത്, ഉളുഹിയത്ത് വിതരണം-ചർച്ച
10. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
11. ഉപസംഹാരം
12. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 18.06.2013 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

# പ്രവർത്തന റിപ്പോർട്ട് 2012-2013

പ്രിയരെ,                                        അസ്സലാമു അലൈക്കും

ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 23.06.2013 ൽ നടക്കുകയാണല്ലോ. മഹല്ല് ഭരണഘടന പ്രകാരം സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കുക എന്നതിനോടൊപ്പം നമ്മുടെ മഹല്ലിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനവും വരുന്ന ഒരു വർഷത്തേക്കുള്ള നമ്മുടെ ആസൂത്രണവും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഏറ്റവും സംവേദനക്ഷമമായ ഒരു ജനതയെ നയിക്കുക എന്ന ചരിത്രപരമായ ദൗത്യം ഏറ്റെടുക്കുന്നതിന് സർവ്വശക്തന്റെ നിയോഗം ലഭിച്ചതിനുള്ള സന്തോഷവും ഉൽകണ്ഠയും, നീതിക്ക് കാവലാളാകൻ കഴിഞ്ഞിട്ടുണ്ടോ എന്ന ആശങ്കയും മഹല്ല് കമ്മറ്റിക്കുണ്ട്. ചേരമാൻ ജുമാമസ്ജിദ് മഹല്ലിന്റെ ഭരണഘടന വിഭാവന ചെയ്യുന്ന തികച്ചും ജനാധിപത്യപരമായ പ്രക്രിയയിലൂടെ നടന്ന തെരഞ്ഞെടുപ്പിൽ ഒരിക്കൽ കൂടി ഈ മഹല്ലിന്റെ സാരഥ്യം ഏറ്റെടുക്കാൻ കഴിഞ്ഞതിലും ഐക്യകണ്ഠേനയുള്ള ഒരു തെരഞ്ഞെടുപ്പിന് വേദിയൊരുക്കിയ മഹല്ല് നിവാസികളോടും മഹല്ല് കമ്മറ്റിക്കുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ ഒപ്പം ഇതിന് ഞങ്ങളെ ശാരീരികമായും മാനസികമായും പ്രാപ്തമാക്കിയ സർവ്വലോക രക്ഷിതാവിനോടും നന്ദി രേഖപ്പെടുത്തുന്നു. മഹല്ല് പൊതുയോഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗം ജ. പി.എം. സലീം വ്യക്തിപരമായ അസൗകര്യങ്ങളാൽ രാജിവെച്ചിട്ടുള്ളതും കമ്മറ്റിയിലെ ഒഴിവിലേക്ക് ജ. കെ.എ. അമീറലി, ജ. കെ.എ. അബ്ദുൽ കെരീം, ജ. ടി.എ. സിദ്ധീഖ്, ജ. കെ.പി. അഷ്റഫ്, എന്നിവരെ മഹല്ല് ഭരണഘടന അനുസരിച്ച് കമ്മറ്റിയിലേക്ക് കോ-ഓപ്റ്റ് ചെയ്തിട്ടുമുണ്ട്.

മഹല്ല് അംഗങ്ങൾ കമ്മറ്റിയിൽ അർപ്പിച്ച വിശ്വാസം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിൽ നാം കൂടുതൽ ചർച്ച നടത്തേണ്ടതുണ്ട്. ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഒരിക്കലും വീഴ്ച വരുത്താതെ എത്രയും വേഗത്തിൽ തന്നെ പൂർത്തിയാക്കുവാൻ കമ്മറ്റി ശ്രമിച്ചിട്ടുണ്ട്. മറ്റെല്ലാത്തിനുമുപരി മഹല്ലിന്റെയും സമുദായത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും ഒരു തരത്തിലും അലംഭാവം കാണിച്ചിട്ടില്ലെന്ന് ഞങ്ങൾക്ക് ഉറപ്പിച്ച് പറയാൻ കഴിയും. കൂടെ സമൂഹത്തിന്റെ ഐക്യം നിലനിർത്താനുള്ള ശ്രമങ്ങളും നാം നടത്തിയിട്ടുണ്ട്.

റിപ്പോർട്ട് വർഷത്തിൽ 36 മഹല്ല് കമ്മറ്റിയോഗങ്ങളും, 6 എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളും ചേർന്നിട്ടുണ്ട്. മഹല്ലിന്റെ ദൈനംദിന കാര്യങ്ങൾ, ആവശ്യങ്ങൾ, പദ്ധതികൾ എന്നിവയെല്ലാം മഹല്ല് കമ്മറ്റിയുടെ ചർച്ചയ്ക്ക് വിധേയമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈകൊണ്ടുവരുന്നതുമാണ്. മഹല്ല് അംഗങ്ങളുടെ കുടുംബപ്രശ്നങ്ങൾ, വൈവാഹിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കപ്പെടുന്നതിന് ആവശ്യമായ സന്ദർഭങ്ങളിലെല്ലാം തന്നെ കമ്മറ്റി തികഞ്ഞ ജാഗ്രതയോടെ വിഷയങ്ങളിൽ ഇടപെട്ട് പരിഹാരം കാണാറുമുണ്ട്. കൂടാതെ മഹല്ലിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി റിപ്പോർട്ട് വർഷം 12 സ്റ്റാഫ് യോഗങ്ങളും മദ്രസ്സ് അഡ്വൈസറി കമ്മറ്റികളുടെ 6 യോഗങ്ങളും ചേർന്നിട്ടുണ്ട്.

## സർക്കാർ പദ്ധതികൾ

### 1. ഇസ്‌ലാമിക പൈതൃക മ്യൂസിയം

കഴിഞ്ഞ പൊതുയോഗ റിപ്പോർട്ടിൽ മഹല്ലിന് സംസ്ഥാന സർക്കാർ മുസ്‌രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ഇസ്‌ലാമിക പൈതൃക മ്യൂസിയം അനുവദിച്ചിട്ടുള്ളത് മഹല്ല് നിവാസികളെ അറിയിച്ചിരുന്നതാണല്ലോ. മുസ്‌രിസ് പൈതൃക പദ്ധതിയിൽ ഒട്ടനവധി മ്യൂസിയങ്ങൾ പ്രഖ്യാപിച്ചിരുന്നെങ്കിലും ഭരണാനുമതി ലഭിച്ചിട്ടുള്ളത് നമ്മുടെ മ്യൂസിയത്തിനാണ്. 1.38 കോടി രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗതയിൽ പുരോഗമിക്കുകയാണ്. സ്ഥല സൗകര്യങ്ങളുടെ അപര്യാപ്തി മൂലം മഹല്ല് വക വിശ്രമ കേന്ദ്രത്തിന്റെ മുകൾ വശം പ്രത്യേക കൂട്ടി ചേർക്കലുകളും മാറ്റം വരുത്തലുകളും നടത്തിയാണ് മ്യൂസിയത്തിനുള്ള കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നത്. മ്യൂസിയത്തിലേക്കുള്ള പ്രവേശനത്തിനു പുറത്ത് നിന്ന് പ്രത്യേക കോണിയും സജ്ജീകരിച്ചിട്ടുള്ളതിനാൽ വിശ്രമ കേന്ദ്രത്തിന്റെ താഴെ ഭാഗം മുഴുവനും മഹല്ലിന്റെ ഉപയോഗങ്ങൾക്കും മുകൾവശം മുഴുവനും മ്യൂസിയവുമായാണ് ഉപയോഗപ്പെടുത്തുന്നത്. ഇപ്പോൾ തന്നെ മ്യൂസിയം ഫീസിനത്തിലും, പാർക്കിംങ് ഫീ ഇനത്തിലും മഹല്ലിന് 1,87,970 രൂപയോളം വാർഷിക വരവുണ്ട്. മ്യൂസിയം പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ മഹല്ലിന് ഈ ഇനത്തിൽ വരവിനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമെന്ന് കമ്മറ്റി കരുതുന്നു. മുസ്‌രിസ് പൈതൃക പദ്ധതി പ്രഖ്യാപിച്ച് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി സർക്കാർ ഏറെ മുന്നേറിയെങ്കിലും മുസ്‌രിസ് പൈതൃക പദ്ധതിയുടെ അവിഭാജ്യഘടകമായ നമ്മുടെ മസ്ജിദിന് അർഹമായ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഒട്ടനവധി മ്യൂസിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നമ്മുടെ മ്യൂസിയം മാത്രമാണ് പ്രവർത്തന സജ്ജമാകുന്നത്. തുടർച്ചയായ നിവേദനങ്ങളും ഭരണതലത്തിലെ നിരന്തര സമ്മർദ്ദങ്ങളും മഹല്ല് കമ്മറ്റി ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത് കൂടി മഹല്ല് അംഗങ്ങളെ അറിയിക്കുകയാണ്. ആയത് കൊണ്ട് തന്നെയാണ് മറ്റ് പലതിനും ലഭിക്കാത്ത പരിഗണ ചേരമാൻ ജുമാമസ്ജിദ് ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിന് ലഭിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ ജനങ്ങൾക്ക് തുറന്നു കൊടുക്കുവാൻ കഴിയുന്ന വിധത്തിൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന മ്യൂസിയം നമുക്ക് ലഭ്യമാക്കാൻ മുൻ റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ, ബഹു. എം.എൽ.എ. മാരായ ടി.എൻ. പ്രതാപൻ, വി.ഡി. സതീശൻ എന്നിവർ നൽകിയ സേവനങ്ങൾ അവിസ്മരണീയമാണ്.

രാജ്യത്തെ ഏക ഇസ്ലാമിക പൈതൃക മ്യൂസിയമാണ് നമ്മുടേത് 2008 ൽ പ്രവർത്തനം ആരംഭിച്ച മ്യൂസിയത്തിന് പ്രദർശന വസ്തുക്കളുടെ അഭാവം ഉൾപ്പെടെയുള്ള ബാലാരിഷ്ടകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ചരിത്ര വസ്തുക്കളും പൈതൃക സാമഗ്രികളും ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ മ്യൂസിയം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. നമ്മുടെ ചുറ്റിലും നമ്മുടെ കുടുംബങ്ങളിലും ഉപയോഗിച്ച് വരുന്നതും, ഉപയോഗമില്ലാതെ മാറ്റിയിടപ്പെടുന്നതുമായ പൈതൃകം പേറുന്ന ഉപകരണങ്ങൾ എല്ലാം തന്നെ ഒട്ടനവധി ചരിത്രങ്ങൾ നമ്മോട് പറയുന്നുണ്ടാകുമെന്നതിനാൽ അത്തരം വസ്തുക്കൾ മഹല്ല് മ്യൂസിയത്തിൽ എത്തിച്ച് മാതൃകയാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഏകദേശം ഒരു കോടി രൂപയുടെ പ്രദർശന വസ്തുക്കളാണ് സർക്കാർ നമ്മുടെ മ്യൂസിയത്തിൽ സജീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഇസ്‌ലാമിക പൈതൃക മ്യൂസിയം മഹല്ലിന് നേടിയെടുക്കാൻ മഹല്ല് കമ്മറ്റിക്ക് പ്രചോദനം നൽകിയവർക്കും, ഇത് നേടിയെടുക്കുന്നതിന് നമ്മെ ആത്മാർത്ഥമായി സഹായിച്ചവർക്കും, അപ്രകാരം ഈ മഹല്ലിന്റെ ഖ്യാതി ഉയർത്താൻ പ്രത്യക്ഷമായും

പരോക്ഷമായും സഹായിച്ചവർക്കും സർവ്വശക്തൻ അർഹമായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**2 ഡ്രൈനേജ് നിർമ്മാണം.**

മസ്ജിദ് ഗെയ്റ്റിന്റെ മുമ്പിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രൈനേജ് നിർമ്മിക്കാൻ കഴിഞ്ഞ റിപ്പോർട്ട് വർഷത്തിൽ കമ്മറ്റി തുടങ്ങി വെച്ച ശ്രമങ്ങൾ ഇപ്പോൾ പൂർത്തീകരിച്ച് വരികയാണ്. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി ജ. ഇബ്രാഹിംകുഞ്ഞ് പ്രത്യേക താല്പര്യമെടുത്താണ് ഡ്രൈനേജ് നിർമ്മാണത്തിന് അനുമതി നൽകിയത്. ഗെയിറ്റിന് മുൻവശത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിഞ്ഞ പല വർഷങ്ങളായി നാം നടത്തിയ ശ്രമങ്ങളാണ് ഇപ്പോൾ ഫലം കണ്ടിട്ടുള്ളത്.

**3. സിവിൽ സർവ്വീസ് ട്രെയിനിംഗ് സെന്റർ**

സംസ്ഥാനസർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ്, മുസ്ലിം യുവജനങ്ങൾക്കായി, സിവിൽ സർവ്വീസ് UPSC, PSC, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് തൃശൂർ ജില്ലക്ക് അനുവദിച്ചിട്ടുള്ള കേന്ദ്രം നമ്മുടെ മഹല്ലിന് ലഭിക്കുന്നതിന് കമ്മറ്റി ആവശ്യമായ സമ്മർദ്ദങ്ങൾ നടത്തിയതിന്റെ ഫലമായി ഈ കേന്ദ്രം മഹല്ലിന് അനുവദിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ള വിവരം മഹല്ല് അംഗങ്ങളെ അറിയിക്കുന്നതിൽ കമ്മറ്റിക്ക് സന്തോഷമുണ്ട്. മത്സരപരീക്ഷകളിൽ ന്യൂനപക്ഷം പിന്നോക്കം പോകുന്നത് തടയുന്നതിന് സച്ചാർ കമ്മീഷൻ നൽകിയ ശുപാർശകളിൽപ്പെട്ട മേൽ പരിശീലന കേന്ദ്രം ഈ സാമ്പത്തിക വർഷത്തിൽ നമ്മുടെ മസ്ജിദ് കാമ്പസിൽ പ്രവർത്തനം ആരംഭിക്കുമെന്നാണ് കമ്മറ്റിയുടെ വിശ്വാസം. ആയിരക്കണക്കിന് രൂപ ചെലവ് ചെയ്ത് ഏറെ ദൂരം യാത്ര ചെയ്ത് നമ്മുടെ കുട്ടികൾ പോകുന്ന കോച്ചിംങ് ക്ലാസുകൾ യാതൊരു ചെലവുമില്ലാതെ നമ്മുടെ അരികിൽ ലഭിക്കുന്നത് മഹല്ല് നിവാസികൾക്ക് ഏറെ നേട്ടം ഉണ്ടാകുമെന്ന് മഹല്ല് കമ്മറ്റി പ്രതീക്ഷിക്കുന്നു.

**4. S.P.Q.E.M. ഗ്രാന്റ്**

മഹല്ലിലെ മദ്രസകളിൽ സ്കൂൾ വിഷയങ്ങൾക്ക് ട്യൂഷൻ നടത്തുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ഫണ്ട് (Scheme for Providing quality education for madrasa) നമ്മുടെ മഹല്ലിന് ലഭിക്കുന്നതിന് കമ്മറ്റി നടത്തുന്ന അശ്രാന്ത പരിശ്രമങ്ങളെ കുറിച്ച് കഴിഞ്ഞ റിപ്പോർട്ടുകളിലെല്ലാം തന്നെ നാം ചർച്ച ചെയ്തിട്ടുള്ളതാമ്. 2006-2007 മുതൽ Madrassa Modernisation Fund എന്ന പേരിൽ അറിയപ്പെട്ട ഈ മദ്രസ്സ ഗ്രാന്റിന് യഥാസമയങ്ങളിൽ നാം അപേക്ഷ സമർപ്പിച്ച് നമ്മുടെ വിഹിതം നേടിയെടുക്കുന്നുണ്ട്. 2010-2011 അദ്ധ്യായന വർഷത്തിലെ ഫണ്ടിലെ ഒന്നാം ഗഡുവായ 12,11,000 നമുക്ക് ലഭിച്ചത് 2011-2012 സാമ്പത്തിക വർഷത്തിലാണ്. ബാക്കി സംഖ്യ 7,56,000/-ക. ലഭിക്കുന്നതിന് നാം തീവ്രമായി ശ്രമിച്ചെങ്കിലും ഈ റിപ്പോർട്ട് വർഷത്തിൽ ആയത് നേടിയെടുക്കാനായിട്ടില്ല. ഇപ്പോൾ മേൽസംഖ്യ അനുവദിച്ചതായി സർക്കാരിൽ നിന്നും കമ്മറ്റിക്ക് ഔദ്യോഗിക വിവരം ലഭിച്ചിട്ടുണ്ട്. 20.06.2007 അദ്ധ്യായന വർഷം മുതൽ നാളിതുവരെ 26,57,000 ലക്ഷം രൂപ ടി ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും മഹല്ല് കമ്മറ്റിക്ക് ലഭിച്ചിട്ടുണ്ട്. 2011-2012 വർഷത്തെ ഫണ്ടിന് വേണ്ടിയുള്ള അപേക്ഷകൾ യഥാസമയം സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ മേൽ നടപടികളും ഈ വർഷം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

**മഹല്ലിൽ നിന്നുള്ള സാമ്പത്തിക സഹായം**

2012-13 ലെ മഹല്ലിന്റെ വാർഷിക ബഡ്ജറ്റ് പ്രകാരം പുരപണിക്ക് 10,000/- യും വിവാഹ

സഹായം 1,50,000/ക.യും ചികിത്സക്ക് 1,50,000/- പഠനസഹായം 2,00,000/- എന്നിങ്ങനെയാണ് സംഖ്യ നീക്കിവെച്ചിരുന്നത് ഇതിൽ പുരപണിക്ക് 78,500ക.യും, വിവാഹസഹായം 19 പേർക്ക് 1,90,000ക. യും ചികിത്സ ചിലവായി 54 പേർക്ക് 1,05,350 ക.യും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പഠന സഹായത്തിന് വകയിരുത്തിയ സംഖ്യയിൽ +1, +2, ഡിഗ്രി, ITC തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന 42 കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പും മറ്റുമായി 1,69,398 രൂപയുടെ സഹായവും നൽകിയിട്ടുണ്ട്. കൂടാതെ മഹല്ല് അംഗങ്ങളല്ലാത്ത ദുരിതമനുഭവിക്കുന്നവർക്കും നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുള്ള സഹായം നൽകുന്നതിന് കമ്മിറ്റി ശ്രമിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി സാമ്പത്തിക സഹായങ്ങൾ എല്ലാം നമ്മുടെ ബഡ്ജറ്റിനുള്ളിൽ നിന്ന് ചെയ്യുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

ആർ.എസ്.ബി.വൈ പോലുള്ള സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ നമ്മുടെ നാട്ടിൽ ഇപ്പോൾ വ്യാപകമായിട്ടുണ്ട്. സർക്കാർ ഉറപ്പു നൽകുന്ന സഹായങ്ങൾ കൈപ്പറ്റുന്നതിൽ മറ്റു സമുദായങ്ങളേക്കാൾ നാം പുറകിലാണ്. മാത്രമല്ല സർക്കാർ പദ്ധതികൾ പലതും വൈകിയാണ് നാം മനസ്സിലാക്കുന്നത്. സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി, മൂന്ന് സെന്റ് ഭൂമി വിതരണം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ തുടങ്ങിയ കാര്യങ്ങൾ യഥാസമയങ്ങളിൽ മഹല്ല് നിവാസികളെ കമ്മറ്റി അറിയിച്ച്വരുന്നുണ്ട്.

ആശുപത്രിയിൽ കിടത്തി ചികിത്സിക്കപ്പെട്ട പാവപ്പെട്ട രോഗികൾക്ക് മാത്രം ഡിസ്ചാർജ്ജ് രേഖകളുടെ അടിസ്ഥാനത്തിൽ സഹായം നൽകിയാൽ മതിയെന്ന കഴിഞ്ഞ പൊതുയോഗറിപ്പോർട്ടിന്റെ അഭിപ്രായം ഒരിക്കൽ കൂടി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## സമൂഹവിവാഹം

ഈ കമ്മറ്റി മഹല്ല് പരിപാലനമേറ്റെടുത്തതിന് ശേഷം മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതി അതിന്റെ 13-ാം വർഷത്തിലേക്ക് കടക്കുകയാണ്. 25 വയസ്സ് കഴിഞ്ഞ തീർത്തും അർഹമായ പെൺകുട്ടികളെയാണ് നാം സമൂഹവിവാഹത്തിനായി പരിഗണിക്കുന്നത്. സാമ്പത്തികമായി വഴിയില്ലാതെ വിവാഹപ്രായം അധികരിച്ചവർക്കാണ് സമൂഹവിവാഹത്തിന്റെ ഗുണം ലഭിക്കേണ്ടത് എന്ന പൊതു തത്വം പാലിക്കപ്പെടുന്നതിന് കമ്മറ്റി ആവുന്നത് ശ്രമിച്ചിട്ടുണ്ട്. 25 വയസ്സ് പൂർത്തിയാകാത്ത പല കുട്ടികളുടെയും വിവാഹത്തിനായി കമ്മറ്റിയെ സമീപിക്കാറുണ്ടെങ്കിലും നമ്മുടെ പരിമിതി അവരെ പറഞ്ഞ് മനസ്സിലാക്കുകയാണ് പതിവ്. പദ്ധതിയുടെ അന്തസത്തക്ക് കോട്ടം വരാത്തവിധം സമൂഹ വിവാഹ പദ്ധതി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മഹല്ലിന്റെ നന്മയെ കരുതിയും, സാമ്പത്തിക ഭദ്രതക്ക് വേണ്ടിയും, മഹല്ല് അംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടിയും പ്രവർത്തിക്കാൻ കമ്മറ്റി പ്രതിജ്ഞാബദ്ധമാണ്. അത്തരത്തിലുള്ള തീരുമാനങ്ങൾ എടുക്കുമ്പോൾ വ്യക്തികളുടെ താൽപര്യങ്ങൾക്ക് പരിഗണന നൽകാൻ കഴിയില്ലെന്നതും നമുക്ക് അറിവുള്ളതാണല്ലോ. പോരായ്മകൾ പരിഹരിക്കപ്പെടുന്നതിന് കൂട്ടായ ചർച്ചകളിലൂടെ കഴിയുമെന്നാണ് കമ്മറ്റിയുടെ വിശ്വാസം.

ഈ റിപ്പോർട്ട് വർഷത്തിൽ 8 വിവാഹങ്ങൾ നാം നടത്തിയിട്ടുണ്ട്. നമ്മുടെ സമൂഹ വിവാഹ പദ്ധതി മറ്റു മഹല്ലുകൾക്കും സംഘടനകൾക്കും മാതൃകയായി മാറിയിട്ടുണ്ട്. സമൂഹ വിവാഹ അപേക്ഷകളുടെ യോഗങ്ങൾ വിവിധ ഘട്ടങ്ങളിലെടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായാണ് സമൂഹ വിവാഹം നടത്തികൊണ്ടുപോകുന്നത്. 25 വയസ്സ് പൂർത്തിയായ കുട്ടികളെ മാത്രം പദ്ധതിയിൽ പരിഗണിച്ചാൽ മതിയെന്ന നിർദ്ദേശങ്ങൾ മഹല്ല് കമ്മറ്റിക്ക് നൽകിയത് മേൽ അപേക്ഷകരുടെ യോഗം തന്നെയാണ്. ടി കാര്യങ്ങളെല്ലാം മുൻ പൊതു

യോഗങ്ങളിൽ മഹല്ല് സെക്രട്ടറി വിശദീകരിച്ചിട്ടുള്ളതുമാണ്. നമ്മുടെ ആവശ്യങ്ങൾ ഓരോരുത്തർക്കും പ്രധാനപ്പെട്ടതാണ്. നമ്മുടെ പരിമിതികളും, ബാധ്യതകളും, ദുരിതങ്ങളും ഓരോരുത്തർക്കും പ്രധാനപ്പെട്ടതാണ്. എന്നാൽ മഹല്ല് കമ്മറ്റി കാണുന്നത് ഒരു പൊതുസമൂഹത്തെയാണെന്നുള്ള തിരിച്ചറിവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മേലിലും നമ്മുടെ സമൂഹ വിവാഹ പദ്ധതി തടസ്സം കൂടാതെയും മാതൃകാപരമായും നടക്കാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മഹല്ല് അംഗങ്ങൾ ഉൾപ്പെടെയുള്ള ഉദാരമതികളിൽ നിന്നുള്ള സംഭാവനകളും വെള്ളിയാഴ്ചകളിലെ ബക്കറ്റ് കളക്ഷനും അതോടൊപ്പം മുൻകാലങ്ങളിലേക്ക് പോലെ മഹല്ലിന്റെ സക്കാത്ത് ഫണ്ടിൽ നിന്നും സക്കാത്ത് നൽകിയവരുടെ താൽപര്യപ്രകാരമുള്ള സംഖ്യയും ഉളുഹിയത്ത് എല്ല് തുകൽ വിൽപനയുടെ പണവും സമൂഹവിവാഹത്തിന് ഉപയോഗിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ നമ്മെ ഉദാരമായി സഹായിച്ചവരിൽ നിന്നും റിപ്പോർട്ട് വർഷത്തിൽ ധനസഹായം ലഭിക്കാതിരുന്ന ഈ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുമോ എന്ന ആശങ്കയും കമ്മറ്റിക്കുണ്ട്. കൂടാതെ സമൂഹ വിവാഹ ഫണ്ടിൽനിന്നും മഹല്ല് ഫണ്ടിലേക്ക് 5,00,000/- ക.യും അഡ്വാൻസായ് വാങ്ങിയിട്ടുള്ള വിവരവും അറിയിക്കുന്നു.

**വിവാഹസെസ്**

റിപ്പോർട്ട് വർഷത്തിൽ 1,00,500 ക. വിവാഹ സെസായി പിരിച്ചെടുത്ത് സമൂഹ വിവാഹ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഹല്ലിലെ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിൽ നടക്കുന്ന വിവാഹങ്ങൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ വിവാഹ സെസ് ഈടാക്കുന്നുണ്ട്. യാതൊരു നിർബന്ധവും ചെലുത്താതെ തന്നെ ഒട്ടുമിക്കവരും സമൂഹവിവാഹ ഫണ്ടിന്റെ ആവശ്യകതയെ ബോധപൂർവ്വം മഹല്ലിനോട് സഹകരിച്ച് വരുന്നുണ്ട്. എങ്കിൽപോലും കഴിവുണ്ടായിട്ടും ഇതിനോട് പ്രതികരിക്കാതെ ഒഴിഞ്ഞുമാറുന്നവരും ഉണ്ടെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. 17 ആളുകളിൽ നിന്നാണ് മേൽസംഖ്യ സ്വരൂപിച്ചിട്ടുള്ളത്. 2008 ലെ മഹല്ല് പൊതുയോഗത്തിന്റെ തീരുമാനപ്രകാരം ആരംഭിച്ച വിവാഹ സെസ് കളക്ഷൻ ഇതുവരെ 3,86,002 ക. സ്വരൂപിച്ചിട്ടുള്ളതായി അറിയിക്കട്ടെ.

**നോമ്പ് തുറക്കൽ, ഇഫ്ത്വാർ വിരുന്ന്**

കഴിഞ്ഞ 4 വർഷങ്ങളായി നമ്മുടെ പള്ളിയിലെ നോമ്പ് തുറക്കൽ വിഭവ സമൃദ്ധമായി തന്നെ നടത്തുന്നതിന് സൗകര്യം നൽകുന്ന സർവ്വശക്തന് ഏറെ നന്ദി രേഖപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ സഹോദരങ്ങളായ വിദേശ മലയാളികളുടെ സഹായം ഇക്കാര്യത്തിൽ അളവില്ലാതെ നമ്മുക്ക് ലഭിക്കുന്നുണ്ട്. അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിക്കുന്ന ഈ സഹോദരങ്ങൾക്ക് അർഹമായ പ്രതിഫലം ലഭിക്കട്ടെയെന്ന് നമുക്ക് ദുആ ചെയ്യാം.

കൊടുങ്ങല്ലൂരിലെ മതേതര ചിന്തകർ പതിവുപോലെ കാത്തിരുന്ന ചേരമാൻ ജുമാ മസ്ജിദിലെ ഇഫ്ത്വാർ വിരുന്ന് റിപ്പോർട്ട് വർഷത്തിലും വിപുലമായും തൃപ്തികരമായും നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇഫ്ത്വാർ വിരുന്നിൽ പങ്കെടുക്കാൻ എത്തുന്നവരുടെ തിരക്ക് നാം പ്രതീക്ഷിക്കുന്നതിലും അപ്പുറമായി ഓരോ വർഷവും വളർന്ന് വരികയാണ്. വർഗ്ഗ വർണ്ണ വ്യത്യാസങ്ങളില്ലാതെ കൊടുങ്ങല്ലൂരിലെ നാനാജാതി മതസ്ഥർ ആദരവോടെ സംഗമിക്കുന്ന ഇടം ചേരമാൻ പള്ളിയിലെ ഇഫ്ത്വാർ വിരുന്ന് മാത്രമാണെന്നത് ഓരോ മഹല്ല് അംഗത്തിനും അഭിമാനിക്കാൻ വക നൽകുന്നതാണ്. പ്രഗത്ഭ വാഗ്മിയായ ഓണമ്പിള്ളി മുഹമ്മദ് ഫൈസി അവർകളുടെ റമദാൻ പ്രഭാഷണം ഇസ്ലാമിന്റെ

മതേതര സംസ്കാരം ലളിതമായും ആകർഷകമായും പ്രതിപാദിച്ചത് കേൾവിക്കാരിൽ പുതിയ അനുഭൂതിയുളവാക്കി.

നമ്മുടെ പള്ളിയും, പള്ളിയെ സംബന്ധിച്ച നമ്മുടെ സങ്കൽപ്പങ്ങളും ദിനംപ്രതി മാറിവരികയാണ്. ആയത്കൊണ്ട് തന്നെ ഇഫ്ത്വാർ വിരുന്നിന്റെ വ്യാപ്തി നമ്മുടെ ആസൂത്രണങ്ങൾക്ക് അപ്പുറത്തേക്ക് ഏറിവരികയാണ്. സമൂഹ നോമ്പ് തുറ സംഘടിപ്പിക്കുന്നതിന്റെ സ്ഥലപരിമിതി നമ്മെ ഏറെ അലട്ടികൊണ്ടിരിക്കുകയും ചെയ്യുന്നു. ആയിരങ്ങൾക്ക് സമ്മേളിച്ച് ഭക്ഷണം കഴിക്കുന്നതിന് നമ്മുടെ പള്ളിയുടെ മുറ്റത്തെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതുകൊണ്ട് തന്നെ വേദനയോടെയാണെങ്കിലും അടുത്ത പ്രാവശ്യം മുതൽ ഇഫ്ത്വാർ വിരുന്ന് ഒഴിവാക്കണമെന്നാണ് കമ്മറ്റിയുടെ അഭിപ്രായം. ഇക്കാര്യത്തിൽ പൊതുയോഗത്തിന് ആവശ്യമായ ചർച്ചകൾ നടത്തി കമ്മറ്റിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

**കൗൺസിലിംഗ് ക്ലാസ്**

കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും ബന്ധങ്ങളുടെ പവിത്രതയും തീവ്രതയും മനസ്സിലാക്കാനും നമ്മുടെ മഹല്ലിൽ നടന്നു വരുന്ന വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ വളരെ ശ്രദ്ധേയമാണ്. 2010ലെ മഹല്ല് പൊതുയോഗത്തിന്റെ തീരുമാനപ്രകാരം ആരംഭിച്ച കൗൺസിലിംഗ് ക്ലാസ്സുകൾ പല മഹല്ലുകളും അനുകരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. കുടുംബബന്ധങ്ങൾ നിസ്സാര കാര്യങ്ങൾകൊണ്ട് പോലും ഛിദ്രതയിലേക്ക് നീങ്ങുന്ന വർത്തമാന കാലഘട്ടത്തിൽ മാനുഷിക മൂല്യങ്ങൾക്കും രക്തബന്ധങ്ങൾക്കുപോലും വിലയില്ലാത്ത അവസ്ഥയാണ്. ഇക്കാര്യത്തിൽ ബോധനം നൽകുക എന്ന അടിസ്ഥാനം കാര്യമാണ് നാം ചെയ്തുകൊടുക്കുന്നത്. രണ്ടാം ശനിയാഴ്ചകളിൽ നടക്കുന്ന വിവാഹ പൂർവ്വ കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് വിവാഹാനുമതി പത്രം നൽകില്ല എന്ന പൊതുയോഗ തീരുമാനം ഒരിക്കൽ കൂടി അംഗങ്ങളുടെ ശ്രദ്ധയിൽപെടുത്തുന്നു.

വിവാഹ പൂർവ്വ കൗൺസിലിംഗ് ക്ലാസ് കൊണ്ട് മാത്രം ദാമ്പത്യ ജീവിതത്തിലെ അസ്വസ്ഥകൾ പരിഹരിക്കപ്പെടില്ലെന്ന യാഥാർത്ഥ്യം ഉൾകൊണ്ട് വിവാഹശേഷവും ദമ്പതികൾക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കുമെന്ന് കമ്മറ്റിക്ക് ബോധ്യമുള്ളതിനാൽ. അവസാന വർഷങ്ങളിൽ വിവാഹിതരായ 100 ദമ്പതികൾക്കായി മഹല്ല് കമ്മറ്റി വിവാഹിതർക്കായുള്ള കൗൺസിലിംഗ് ക്ലാസ്സ് നടത്തുകയുണ്ടായി. 100 ദമ്പതികളെ നേരിൽകണ്ടും ടെലഫോണിലൂടെയും കൗൺസിലിംഗ് ക്ലാസ്സിന് ക്ഷണിച്ചിരുന്നെങ്കിലും തികച്ചും നിരാശാജനകമായ പ്രതികരണമാണ് ഉണ്ടായത്. ഉച്ചഭക്ഷണമുൾപ്പെടെ വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കി പ്രഗത്ഭരായ മനഃശാസ്ത്രജ്ഞരെ ക്ഷണിച്ചുവരുത്തി മഹല്ല് നടത്തിയ ഈ കൗൺസിലിംഗ് ക്ലാസ്സിന് “ഹാപ്പി ഫാമിലി” എന്ന പേരാണ് നൽകിയിരുന്നത്. 24 ദമ്പതികൾ മാത്രമാണ് ഈ ക്ലാസ്സിൽ പങ്കെടുത്തത്. ‘ഹാപ്പി ഫാമിലി’ ക്ലാസ് നടത്തുന്നത് കേട്ടറിഞ്ഞ മറ്റു മഹല്ലുകളിലെ 18 ജോഡികൾ കൂടി ഈ ക്ലാസ്സിന്റെ ആദ്യാവസാനം പങ്കെടുത്തുവെന്നത് ഇതിന്റെ പ്രധാന്യം നാം മനസ്സിലാക്കിയിട്ടില്ലെങ്കിലും മറ്റുള്ളവർക്ക് ബോധ്യമുണ്ട് എന്നതിന്റെ തെളിവാണ്.

മഹല്ലിന്റെ ദീനി പ്രവർത്തനങ്ങളിൽ മറ്റു മഹല്ലുകളേക്കാൾ കൂടുതൽ ചെയ്യണമെന്നും മഹല്ല് അംഗങ്ങൾ ആഗ്രഹിക്കുന്നതിനുമപ്പുറം നൽകണമെന്ന നയമാണ് മഹല്ല് കമ്മറ്റി അനുവർത്തിച്ചുവരുന്നത്. എന്നാൽ ഒരു കാരണവശാലും പൂർണ്ണമായൊരു സഹകരണം മഹല്ല് അംഗങ്ങളിൽ നിന്ന് ഇക്കാര്യത്തിൽ കമ്മറ്റിക്ക് ലഭിക്കാത്തതിൽ അതിയായ ഖേദമുണ്ട്. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ ഉപദേശങ്ങളും മനഃശാസ്ത്ര

ക്ലാസുകളും വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ് പോലെ, വിവാഹിതർക്കായുള്ള കൗൺസിലിംഗ് ക്ലാസും തുടർച്ചയായി നടത്തണമെന്നാണ് കമ്മറ്റി ഉദ്ദേശിക്കുന്നത്. ദീനി പരമായ കാഴ്ചപ്പാട് വളരെ കുറവായ നമ്മുടെ മഹല്ലിലെ കുടുംബങ്ങളിലെ അസ്വസ്ഥത കളും പ്രതിസന്ധികളും തരണം ചെയ്യാനും മാതൃകപരമായ ഒരു സമൂഹത്തെ വാർത്തെടു ക്കുവാനും ഇത്തരത്തിലുള്ള കൗൺസിലിംഗ് ക്ലാസുകൾകൊണ്ട് കഴിയുമെന്ന് കമ്മിറ്റി പ്രതീ ക്ഷിക്കുന്നു. ദാമ്പത്യ പ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതിന് മഹല്ല് കമ്മറ്റിയുടെ മുന്നിലെത്തുന്ന പരാതികൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. വരുന്ന പരാതിക്കാർ തന്നെ വിട്ടുവീഴ്ചയോടെ മുന്നോട്ട് പോകാനുള്ള മാനസികാവസ്ഥ ഉണ്ടെന്നുള്ളതും ഏറെ ആശ്വാസകരമാണ്.

**മദ്രസ്സകൾ, മസ്ജിദുകൾ, ഖുർആൻ ക്ലാസ്സുകൾ**

മഹല്ലിലെ 7 മദ്രസ്സകളും റിപ്പോർട്ട് വർഷത്തിൽ ഏറെ തൃപ്തികരമായാണ് പ്രവർത്തി ച്ചുവരുന്നത്. 343 കുട്ടികൾ പഠിക്കുന്ന ഈ മദ്രസ്സകളിൽ അഞ്ചപ്പാലം നൂറുൽ ഇസ്ലാം മദ്രസ്സ യിലാണ് ഏറ്റവും കൂടുതൽ പഠിക്കുന്നത്. 2012-2013 ലെ പ്രവർത്തനറിപ്പോർട്ടിൽ നമ്മുടെ വിദ്യാർത്ഥികൾ ഏറെ പുറകിലാണെന്നത് ആശങ്കയോടെയാണ് നാം ചർച്ച ചെയ്തത്. എന്നാൽ ഇതിന് പ്രതിവിധിയായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കഴിഞ്ഞ വർഷം നടത്തിയ പൊതുപരീക്ഷയിൽ 98 ശതമാനം വിജയം വരിച്ചത് നമ്മുടെ മദ്രസ്സകളുടെ ചരിത്ര ത്തിൽ ആദ്യ അനുഭവമാണ്. കോട്ടപ്പുറം ചേരമാൻ നഗർ ലോകമലേശ്വരം അഞ്ചപ്പാലം മദ്രസ്സകൾ 100% വിജയം കൈവരിച്ചതും പ്രത്യേകം അഭിനന്ദനമർഹിക്കുന്നതാണ്. ഇൻശാ അല്ലാഹ് ഈ അദ്ധ്യായന വർഷത്തിൽ 100% വിജയം കൈവരിക്കാൻ നമ്മുടെ കുട്ടികൾക്കാക ട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മദ്രസ്സകളുടെ വിജയശതമാനം ഉയർത്തുന്നതിന് ആത്മാർത്ഥ മായി പരിശ്രമിച്ച അദ്ധ്യാപകരെയും മഹല്ല് കമ്മറ്റി പ്രത്യേകം അഭിനന്ദിക്കുന്നു.

5-ാം ക്ലാസ്സിന് ശേഷം മദ്രസ്സകളിലെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് വ്യാപക മാകുന്നുണ്ട്. കൂടാതെ അപൂർവ്വം കുട്ടികൾ തീരെ മദ്രസ്സയിൽ എത്താതിരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളെ മദ്രസ്സകളിൽ എത്തിക്കണമെന്ന പ്രാഥമിക ബോധം പോലുമില്ലാത്ത രക്ഷിതാക്കളും നമുക്കിടയിലുണ്ട്. ദീനി നിരക്ഷരത ഇല്ലാതാക്കാനും മദ്രസ്സ കളിൽ കുട്ടികളെ യഥാസമയം എത്തിക്കാനും, മദ്രസ്സപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടപ്പി ലാക്കാനും മഹല്ല് കമ്മറ്റി മുൻകൈയെടുത്ത് രൂപീകരിച്ച മദ്രസ്സ അഡ്വൈസറി കമ്മറ്റികൾ ഓരോ മദ്രസ്സയിലും പ്രവർത്തിച്ചുവരുന്നുണ്ട്. മദ്രസ്സകളുടെ ദൈനംദിന കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തുന്ന ഏഴ് അംഗങ്ങളുള്ള ഒരു സമിതിയാണ് അഡ്വൈസറി കമ്മറ്റിയായി പ്രവർത്തിച്ചുവരുന്നത്. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും മദ്രസ്സ അഡ്വൈസറി കമ്മറ്റി കൾ കൂടണമെന്നും 3 മാസത്തിലൊരിക്കൽ എല്ലാ അഡ്വൈസറി കമ്മറ്റികളും, മഹല്ല് കമ്മറ്റിയംഗങ്ങളും ഒരുമിച്ച്കൂടി കാര്യങ്ങൾ ചർച്ച ചെയ്യണമെന്നും ആയത് നടപ്പിലാക്കി വരുന്നുമുണ്ട്. അഡ്വൈസറി കമ്മറ്റികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൂടിയാണ് ഓരോ മദ്രസ്സകളുടെയും ദൈനംദിന കാര്യങ്ങൾ മഹല്ല് കമ്മറ്റ നിർവ്വഹിച്ചുവരുന്നത്.

മദ്രസ്സകൾ കേന്ദ്രീകരിച്ചുള്ള ഖുർആൻ ക്ലാസ്സുകളും റിപ്പോർട്ട് വർഷത്തിലും നടന്നു വരുന്നുണ്ട്. ഖുർആൻ ക്ലാസ്സിൽ പങ്കെടുക്കുന്നവരുടെ എണ്ണം ചില സ്ഥലങ്ങളിൽ തീരെ പരിമിതമാണെങ്കിലും മുടക്കമില്ലാതെ നടത്തണമെന്നാണ് കമ്മറ്റി നിശ്ചയിച്ചിട്ടുള്ളത്. ആഴ്ച യിൽ രണ്ട് പ്രാവശ്യം ഓരോ മദ്രസ്സകളിലും ഖുർആൻ ക്ലാസ്സുകൾ ഇതുപ്രകാരം നടന്നു വരുന്നുണ്ട്. അഞ്ചപ്പാലം മദ്രസ്സയിൽ ഇത് എല്ലാ ആഴ്ചകളിലും സംഘടിപ്പിക്കപ്പെടുന്നു ണ്ട്. പ്രദേശ വാസികൾ പ്രത്യേക താല്പര്യമെടുത്ത് നടത്തുന്ന അധിക ക്ലാസ്സുകളിൽ

ഉൾപ്പെടെ ശ്രദ്ധേയമായ ജനപങ്കാളിത്തം ഉണ്ടാകുന്നുണ്ട്. മദ്രസ്സ അഡ്വൈസറി കമ്മറ്റികളുടെ സജ്ജീവമായ പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും എല്ലാ ഖുർആൻ ക്ലാസുകളിലും നല്ലൊരു ആൾക്കൂട്ടം പ്രതീക്ഷിക്കാവുന്നതാണ്.

മദ്രസ്സകളുടെയും മഹല്ലിന്റെയും പുരോഗതിക്ക് വേണ്ടിയും വികസനത്തിന് വേണ്ടിയും ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ മുൻ വർഷങ്ങളിലേത് പോലെ കൂടിവരുന്നുണ്ട്. മദ്രസ്സ വിദ്യാഭ്യാത്തിന്റേയും നമസ്ക്കാരപള്ളികളുടെയും സകല കാര്യങ്ങളും ഈ യോഗങ്ങൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ മഹല്ല് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതും പതിവാണ്. മഹല്ലിലെ ദീന വിദ്യാഭ്യാസത്തിന് എല്ലാ ചുമതലകളും പരിഷ്ക്കാരങ്ങളും സ്റ്റാഫ് യോഗത്തിന്റെ ചർച്ചക്ക് ശേഷം മാത്രമെ മഹല്ല് കമ്മറ്റി നടപ്പാക്കുകയുള്ളു. മദ്രസ്സയുടെ പ്രവർത്തനങ്ങൾക്ക് നമ്മുടെ അദ്ധ്യാപകരിൽ നിന്നും മഹല്ല് കമ്മറ്റിക്ക് കലവറയില്ലാത്ത സഹായങ്ങളും പിന്തുണയുമാണ് ലഭിച്ചുവരുന്നത്. ഇത്തരത്തിലുള്ള കൂട്ടായ്മയാണ് കുത്തഴിഞ്ഞ് കിടന്നിരുന്ന മദ്രസ്സ സംവിധാനം ക്രമപ്പെടുത്തിയെടുക്കാൻ മഹല്ല് കമ്മറ്റിക്കായത്. സമസ്തകേരള ജംഇയ്യത്തുൽ ഉലമയുടെ സിലബസിൽ റജിസ്റ്റർ ചെയ്തിട്ടുള്ള നമ്മുടെ 7 മദ്രസ്സകളിൽ വ്യവസ്ഥാപിതമായ പഠനം നടക്കുകയും യഥാസമയങ്ങളിൽ പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടക്കുകയും ചെയ്യുന്നുണ്ട്. അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് ക്ലാസ്സുകൾ മദ്രസ്സകളിലെ പരിശോധനകൾ എന്നിവയും മുറക്ക് നടന്നുവരുന്നുണ്ട്. മദ്രസ്സകളുടെ കാര്യത്തിൽ രക്ഷിതാക്കൾ കൂടി കുറെ ജാഗ്രത പുലർത്തുകയാണെങ്കിൽ ദീനിപഠന രംഗത്ത് ഈ മഹല്ലിന് കുറെ മാറ്റങ്ങൾ ഉണ്ടാകുമെന്നത് തർക്കമില്ല. നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിനാൽ മഹല്ല് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും ജീവനക്കാരുടെ ശമ്പളം കാലാനുസൃതമായി ഗണ്യമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

മദ്രസ്സകളുടെ അറ്റകുറ്റപണികളും ആവശ്യങ്ങളും യഥാസമയങ്ങളിൽ മഹല്ല് കമ്മറ്റി നിർവ്വഹിച്ചുപോരുന്നു. ലോകമലേശ്വരം മദ്രസ്സയുടെ മുൻവശം ട്രസ്സ് വർക്ക് ചെയ്യുകയും ടോയ്ലറ്റുകൾ ടൈൽ ഒട്ടിച്ച് വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടുക്കച്ചുവട് മസ്ജിദിൽ ട്രസ്സ് വർക്ക് ചെയ്ത് ഗ്രില്ല് ഫിറ്റ് ചെയ്ത് സൗകര്യപ്പെടുത്തിയിട്ടുണ്ട്. വി.പി. തുരുത്ത് മസ്ജിദിന്റെ പെയിന്റിംഗ് ജോലികളും അഞ്ചപ്പാലം മസ്ജിദിന്റെ പുതിയ സൗണ്ട് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോട്ടപ്പുറം ലോകമലേശ്വരം മദ്രസ്സകളിൽ പുതിയ ഇൻവെർട്ടറും ബാറ്ററിയും സ്ഥാപിച്ചിട്ടുണ്ട്.

യഥാസമയം ദീനിപഠനം ലഭിക്കാത്തവർക്കും പഠനം ഇടക്ക് നിർത്തിയിട്ടുള്ളവർക്കും മഹല്ല് കമ്മറ്റി എല്ലാ ആഴ്കളിലും സൺഡേക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. മഹല്ല് ഇമാമുമാരെ കൂടാതെ പുറമെ നിന്നുള്ള പണ്ഡിതന്മാരും ഈ ക്ലാസ്സുകൾ കൈകാര്യം ചെയ്തുവരുന്നു. ദീനി പഠനത്തോടൊപ്പം പൊതുവിജ്ഞാനം, വ്യക്തിത്വ വികസനക്ലാസ് എന്നിവയും ഈ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ കാര്യക്ഷമമായി ഈ ക്ലാസ്സുകൾ നടക്കുന്നതിൽ കമ്മറ്റിക്ക് ഏറെ ആഹ്ലാദമുണ്ട്. +1 മുതൽ പി.ജി. വരെ പഠിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളുമാണ് ഈ ക്ലാസിൽ ഉള്ളത്. രാവിലെ 7 മുതൽ ആരംഭിക്കുന്ന ക്ലാസ്സിൽ ഹാജർ വളരെ കൃത്യമാണെന്നതും എടുത്ത് പറയേണ്ടതാണ്. മഹല്ല് കമ്മറ്റി നടത്തിയ ഹാപ്പി ഫാമിലി ക്യാമ്പയിനിൽ ഈ കുട്ടികളുടെ സജീവ സാന്നിദ്ധ്യവും സഹായങ്ങളും ഉണ്ടായത് ശ്രദ്ധേയമാണ്. ഇതുപോലെ ഇനിയും ഒട്ടനവധി ചെറുപ്പക്കാർ ദീനി രംഗങ്ങളിൽ സജ്ജീവമാകണമെന്ന് കമ്മറ്റിക്ക് ആഗ്രഹമുണ്ട്. ദീനിബോധന രംഗത്തും ദീനി വിദ്യാഭ്യാസ രംഗത്തും ഇനിയും ഏറെ കാര്യങ്ങൾ ചെയ്യാൻ അവശേഷിക്കുന്നുണ്ട്. തുടക്കക്കാരുടെ ബാലാരിഷ്ടതകളിൽ നിന്നും നാം ഇപ്പോഴും മുക്തമായിട്ടില്ല. ആവശ്യത്തിലധികം

ചെയ്യാൻ മനസ്സുള്ള ഒരു ഭരണ സംവിധാനവും ആത്മാർത്ഥമായി സേവനം ചെയ്യുന്ന അദ്ധ്യാപകരും വീഴ്ച കൂടാതെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാമ്പത്തിക സ്ഥിതിയും ഈ മഹല്ലിനുണ്ട്. സദാചാര മൂല്യങ്ങൾ മുറുകെ പിടിച്ച് വളർന്നു വരുന്ന ഒരു തലമുറയെ വാർത്തെടുക്കണമെന്ന് തീവ്രമായി ആഗ്രഹിക്കുന്ന രക്ഷകർത്താക്കളുടെ കൂടി സജ്ജീവ സാന്നിദ്ധ്യവും പങ്കാളിത്തവും കൂടി മാത്രമേ നമുക്ക് ആവശ്യമുള്ളു. സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

**പെൻഷൻ, സൗജന്യമെഡിക്കൽ ക്ലിനിക്ക്**

മഹല്ലിന്റെ സാമൂഹ്യ ക്ഷേമ പദ്ധതിയിൽ പെടുത്തി 46 പേർക്ക് മഹല്ല് കമ്മറ്റി പെൻഷൻ നൽകി വരുന്നുണ്ട്. 2010 ലെ മഹല്ല് പൊതുയോഗം നിശ്ചയിച്ച പെൻഷൻ പദ്ധതി കൂടുതൽ വിപുലമാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി മൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പെൻഷൻ പദ്ധതി ഉൾപ്പെടെയുള്ള മഹല്ലിൽ നിന്നുള്ള സഹായങ്ങൾക്ക് പ്രത്യേക ഫണ്ട് രൂപീകരിച്ച് അതിൽ നിന്ന് മാത്രം വിതരണം ചെയ്യണമെന്ന് കമ്മറ്റിക്ക് താല്പര്യമുണ്ട്. മഹല്ലിലെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവരിൽനിന്നുള്ള നിർലോഭമായ സഹായം ഇതിനാവശ്യമാണ്. മഹല്ലിന്റെ സെൻസസ് ഇത്തരത്തിലുള്ള ഫണ്ട് രൂപീകരണത്തിന് സഹായകരമാണ്. മഹല്ല് നൽകിവരുന്ന പെൻഷൻ വലിയൊരു അനുഗ്രഹമായി കണക്കാക്കുന്ന തീർത്തും നിരാശ്രയരായ 46 പേർക്കാണ് ഇത് ലഭിക്കുന്നു എന്നത്കൊണ്ട് ഈ പദ്ധതി വേറിട്ട് നിൽക്കുന്നു. സർവ്വശക്തൻ തൗഫീഖ് ചെയ്താൽ ഇനിയും അർഹരായ പലർക്കും പെൻഷൻ നൽകാനും, പെൻഷൻ സംഖ്യ വർദ്ധിപ്പിച്ച് നൽകാനും, മഹല്ല്കമ്മറ്റി മുൻകൈ എടുക്കുമെന്ന് അറിയിക്കുന്നു.

മഹല്ല് കമ്മറ്റി ആരംഭിച്ച സൗജന്യ മെഡിക്കൽ ക്ലിനിക്കിൽ ഇപ്പോൾ അവശേഷിക്കുന്നത് ആയൂർവ്വേദ ക്ലിനിക്ക് മാത്രമാണ്. രോഗികൾ ഇല്ലാത്തതിനാൽ അലോപ്പതി ഹോമിയോപ്പതി വിഭാഗങ്ങൾ നിർത്തലാക്കിയത് നാം നേരത്തെ ചർച്ച ചെയ്തതാണ്. ആയൂർവ്വേദവിഭാഗം എല്ലാ മാസങ്ങളിലേയും ആദ്യത്തെ വെള്ളിയാഴ്ച പ്രവർത്തിച്ചുവരുന്നു. രോഗികൾക്കുള്ള മരുന്നും ചികിത്സയും പൂർണ്ണമായും സൗജന്യമായി നൽകിവരുന്നുണ്ട്. മഹല്ല് അംഗങ്ങൾ അന്യ മഹല്ല് അംഗങ്ങൾ സർവ്വോപരി സഹോദരസമുദായാംഗങ്ങളും ഈ ക്ലിനിക്കിനെ ആശ്രയിച്ച് വരുന്നുണ്ട്. ആവശ്യക്കാർ ഉണ്ടെങ്കിൽ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താനും കമ്മറ്റി സന്നദ്ധമാണ്. ആതുരസേവന രംഗത്ത് പ്രതിഫലേച്ഛയില്ലാതെ നിരുപാധിക സേവനം നടത്തുന്ന ഡോ. കടമ്പോട്ട് അബ്ദുറഹിമാന്റെ നിറഞ്ഞ സാന്നിദ്ധ്യവും കൂടിയുള്ളതുകൊണ്ടാണ് മഹല്ലിന്റെ ആയൂർവ്വേദ ക്ലിനിക് വിജയകരമായി പ്രവർത്തിച്ചുവരുന്നത് എന്നതിൽ തർക്കമില്ല. തീർച്ചയായും ഡോ. അബ്ദുറഹിമാൻ ഈ മഹല്ലിന് മുതൽകൂട്ടായൊരു മാതൃകയാണ്. സർവ്വശക്തന്റെ അനുഗ്രഹം അദ്ദേഹത്തിനും കുടുംബത്തിനും ഉണ്ടാകാൻ നമുക്ക് ദുആ ചെയ്യാം. അല്ലാഹു സ്വീകരിക്കട്ടെ.

**വരിസംഖ്യ, മരണാനന്തര സഹായഫണ്ട്**

മഹല്ലിന്റെ വാർഷിക വരിസംഖ്യ കാലികമായി വർദ്ധിപ്പിക്കണമെന്ന് കഴിഞ്ഞ പൊതുയോഗം ആലോചിക്കുകയും പ്രതിവർഷം 300 രൂപയായി വരിസംഖ്യ വർദ്ധിപ്പിക്കാനും തീരുമാനിക്കുകയും ആയത് ഓരോ വീട്ടിലും രേഖാമൂലം മഹല്ല് കമ്മറ്റി അറിയിച്ചിട്ടുമുണ്ട്. കൂടാതെ പ്രധാന പൊതുയോഗ തീരുമാനങ്ങളും മഹല്ലിലേക്കുള്ള കുടിശ്ശികകൾ അടച്ചു തീർക്കാനുള്ള അറിയിപ്പുകളും വീടുകളിൽ എത്തിച്ചുനൽകിയിട്ടുണ്ട്. ഇതിന് ഭാഗികമായ പ്രതികരണം മാത്രമേ ലഭിച്ചിട്ടുള്ളു. മഹല്ലിന്റെ വാർഷിക വരിസംഖ്യ മരണാനന്തര സഹായ

ഫണ്ട് എന്നിവയുടെ തീരുമാനങ്ങൾ പോലും തങ്ങൾ അറിഞ്ഞില്ല എന്ന് നടിക്കുന്ന ചില മഹല്ല് അംഗങ്ങളുടെ പ്രതികരണങ്ങളിൽ മഹല്ല് കമ്മറ്റിക്ക് ഖേദമുണ്ട്. പ്രതിവർഷ വരിസംഖ്യ 300 രൂപയാണെങ്കിലും അത് മാസഗഡുക്കളായി അടക്കുന്നതിനുള്ള സൗകര്യം മഹല്ല് കമ്മറ്റി ഓഫീസിൽ ചെയ്ത് നൽകുന്നുണ്ട്. കുടിശ്ശികയുടെ കാര്യത്തിൽ കൂടുതൽ ഗൗരവം അംഗങ്ങൾ പുലർത്തണമെന്ന് ഉണർത്തുന്നു.

മഹല്ലിന്റെ മരണാനന്തര സഹായഫണ്ട് റിപ്പോർട്ട് വർഷത്തിൽ തൃപ്തകരമായി തന്നെ പ്രവർത്തിച്ചിട്ടുണ്ട്. മരണാനന്തര സഹായഫണ്ടിന്റെ ബാലാരിഷ്ടതകൾ മാറി നാം വിഭാവനം ചെയ്യുന്നവിധം മഹല്ലിന് ബാധ്യതയില്ലാത്ത ഒരു അവസ്ഥയിൽ എത്തിച്ചേർന്നതിലും നമ്മുടെ ആസൂത്രണത്തിൽ പിഴവുകൾ സംഭവിക്കാതിരുന്നതിലും നമ്മുക്ക് അല്ലാഹുവിനോട് നന്ദി പറയാം. കുടിശ്ശികയിനത്തിൽ കിട്ടാനുള്ള സംഖ്യകൂടി കണക്കാക്കുമ്പോൾ സ്വയംപര്യാപ്തത ഈയിനത്തിൽ ഉണ്ടാകുമെന്ന് സംശയമില്ല. അംഗങ്ങൾ കൂടുതൽ ജാഗ്രതയോടെ ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ മഹല്ലിന്റെ പ്രവർത്തന മേഖല വിപുലവും അംഗങ്ങളുടെ എണ്ണം മറ്റു മഹല്ലുകളെ അപേക്ഷിച്ച് വളരെ കൂടുതലുമായതുകൊണ്ട് കുടിശ്ശിഖ മുതലായത് പിരിച്ചെടുക്കുന്നതിന് സ്വാഭാവികമായ പരിമിതികൾ ധാരാളമുണ്ട്. ആയതുകൊണ്ട് മഹല്ലിലേക്ക് അടക്കേണ്ടതായ സംഖ്യകൾ അടക്കാൻ കുടുംബങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക സഹായങ്ങൾ, വിവാഹം, മരണം തുടങ്ങിയ ആവശ്യങ്ങളിൽ മഹല്ല് കമ്മറ്റികളെ സമീപിക്കുന്നവരിൽ നിന്ന് കുടിശ്ശിക നിർബന്ധമായും ഈടാക്കുമെന്നുള്ളതിനാൽ യഥാസമയം സംഖ്യ അടച്ച് അംഗങ്ങൾ ബാധ്യതകൾ ഒഴിവാക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

### സൗജന്യ സ്കൂൾ ട്യൂഷൻ

മദ്രസ്സാ വിദ്യാർത്ഥികൾക്ക് സ്കൂൾ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതി പ്രകാരം 2010-2011 വർഷത്തെ ഗ്രാന്റിൽ 7,56,000 രൂപ, രണ്ടാം ഗഡുവായി നമ്മുടെ 7 മദ്രസ്സകൾക്ക് ലഭിക്കേണ്ടതുണ്ട്. ഈ റിപ്പോർട്ട് വർഷത്തിൽ ലഭിക്കുമെന്ന് കരുതിയെങ്കിലും ആയതിന് വേണ്ടി സർവ്വശ്രമങ്ങളും നടത്തിയെങ്കിലും 2013 ഏപ്രിൽ മാസത്തിലാണ് നമുക്ക് ഇത് ലഭിച്ചത്. മദ്രസ്സ മോഡേണൈസേഷൻ ഫണ്ട് SPQEM ഫണ്ട് എന്നീ ഇനത്തിൽ 2006-2007 കാലഘട്ടം മുതൽ നാളിതുവരെയായി 26,57,000 ക. നമുക്ക് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. 2011-2012 വർഷത്തെ ഫണ്ട് ലഭിക്കാനുമുണ്ട്.

കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്നത്പോലെ മുസ്ലീം വിദ്യാർത്ഥികളുടെ പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ ഗ്രാന്റ് ഉപയോഗിച്ച് നാം ആവുന്ന കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. കുട്ടികളെ ക്ലാസ്സിൽ എത്തിക്കുന്നതിനുള്ള വാഹനസൗകര്യവും കമ്പ്യൂട്ടർ ലാബും സജ്ജീകരിച്ചിട്ടുള്ളതുമാണ്. മികച്ച അദ്ധ്യാപകർ വളരെ ശ്രദ്ധയോടെ ഓരോ കുട്ടിയേയും നിരീക്ഷിച്ചുവരുന്നതും പഠനരംഗത്തെ അവരുടെ വീഴ്ചകൾ പരിഹരിച്ചുവരുന്നതുമാണ്. വലിയൊരു ശതമാനം സാധാരണക്കാർ ജീവിക്കുന്ന നമ്മുടെ മഹല്ലിൽ സർക്കാർ മഹല്ല് വഴി നൽകുന്ന സൗജന്യ ട്യൂഷൻ ഉപയോഗപ്പെടുത്താൻ ഭൂരിപക്ഷം പേർക്കും താല്പര്യമില്ലാത്തതിൽ മഹല്ല് കമ്മറ്റിക്ക് അത്ഭുതമുണ്ട്. അതുകൊണ്ട്തന്നെ നമ്മുടെ സഹോദരസമുദായങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് നമ്മുടെ ട്യൂഷൻ ക്ലാസ്സിൽ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ മഹല്ല് കമ്മറ്റി ചെയ്തുകൊടുക്കുകയും അപ്രകാരം നമ്മുടെ സാമൂഹ്യബാധ്യത നിറവേറ്റുകയും ചെയ്യുന്നുണ്ട്.

6-5-2013 മുതൽ ഈ അദ്ധ്യായന വർഷത്തെ ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിൽ

എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ 4.30 മുതൽ ആരംഭിക്കുന്ന ട്യൂഷൻ ക്ലാസിലേക്ക് കുട്ടികളെ അവരുടെ സ്കൂളിൽ നിന്നും സ്കൂളില്ലാത്ത ദിവസങ്ങളിൽ 1.30 മുതൽ ആരംഭിക്കുന്ന ക്ലാസിലേക്ക് ഓരോരുത്തരുടെയും വീടുകളിൽ നിന്നും കൊണ്ടുവരാനുള്ള വാഹനസൗകര്യവും മഹല്ല് കമ്മറ്റി ഏർപ്പെടുത്തിയിട്ടുണ്ട്.

**സക്കാത്ത്, ഫിത്വർ സക്കാത്ത്, ഉളുഹിയത്ത്**

സക്കാത്ത്, ഫിത്വർ സക്കാത്ത്, ഉളുഹിയത്ത് എന്നിവയും മുൻവർഷങ്ങളിലേത് പോലെ ബഹുജന പങ്കാളിത്തത്തോടെ തൃപ്തികരമായി പൂർത്തീകരിക്കാൻ മഹല്ല് കമ്മറ്റിക്കായിട്ടുണ്ട്. മഹല്ല് ഭരണഘടന നിർദ്ദേശിക്കുന്ന സക്കാത്ത്, ഫിത്വർ സക്കാത്ത്, ഉളുഹിയത്ത് എന്നിവയുടെ വിതരണം ഇസ്ലാമിക ശരീഅത്ത് പ്രകാരം തന്നെയാണോ എന്നത് സംബന്ധിച്ച് മഹല്ല് കമ്മറ്റിയിൽ പലവട്ടം വിശദമായ ചർച്ചകൾ നടന്നിട്ടുള്ളതും പണ്ഡിതരുടെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതുമാണ്. സക്കാത്ത്, ഫിത്വർ സക്കാത്ത്, ഉളുഹിയത്ത് എന്നിവയുടെ വിതരണത്തിലെ അപാകതകൾ നീക്കം ചെയ്യാനുള്ള ചർച്ചകൾ ഉണ്ടാകണമെന്ന് കഴിഞ്ഞ പൊതുയോഗ റിപ്പോർട്ടിൽ കമ്മറ്റി നിർദ്ദേശിച്ചിരുന്നെങ്കിലും ആ വഴിക്കുള്ള ചർച്ചകൾ ഉണ്ടായിരുന്നില്ല. നമ്മുടെ ചുറ്റുമുള്ള മഹല്ലുകൾ സക്കാത്ത് ഫിത്വർ സക്കാത്ത് എന്നിവയുടെ ശേഖരണത്തിനും വിതരണത്തിനും കാര്യക്ഷമതയോടെ പ്രവർത്തിക്കുമ്പോൾ നാമിപ്പോഴും നമ്മുടെ സക്കാത്ത് ഫണ്ടിലെ നല്ലൊരു ശതമാനവും ഗുണകരമല്ലാതെയും ഇസ്ലാമിക കാഴ്ചപ്പാട് ഇല്ലാത്ത വിധവുമാണ് വിതരണം ചെയ്യുന്നതെന്ന് പരക്കെ വിമർശനം ഉയർന്നിട്ടുള്ളതാണ്. മഹല്ലിലെ ഏതാണ്ട് 60% കുടുംബത്തിനും 200 രൂപ വീതം വിതരണം ചെയ്യുന്നത് സക്കാത്തിന്റെ പരിപാവനതയെ ചോദ്യം ചെയ്യുന്നതാണെന്ന ആക്ഷേപവുമുണ്ട്. അതുപോലെ ഫിത്വർ സക്കാത്ത് 85% വീടുകളിലും നാം വിതരണം ചെയ്യുന്നുണ്ട്. സക്കാത്ത് ഫിത്വർ സക്കാത്ത് എന്നിവ അർഹതയില്ലാത്ത വീട്ടിലാണെങ്കിൽ പോലും ഏതെങ്കിലും കാരണവശാൽ ലഭിച്ചില്ലെങ്കിൽ ആയത് ലഭിക്കുന്നതിന് പല കുടുംബങ്ങളും പ്രതിഷേധത്തോടെ ആവശ്യമുന്നയിക്കുന്നതും നമ്മുടെ മഹല്ലിൽ സാധാരണമാണ്.

ഓരോ പ്രദേശത്തേയും മഹല്ല് കമ്മറ്റി അംഗങ്ങളുടെയും അദ്ധ്യാപകരുടെയും അഡ്വൈസറി കമ്മറ്റി അംഗങ്ങളുടെയും സഹകരണത്തോടെ ഓരോ പ്രദേശത്തേയും ഏറ്റവും അർഹരായ ആളുകളെ സക്കാത്ത്, ഫിത്വർ സക്കാത്ത് എന്നിവയ്ക്ക് വേണ്ടി തിരഞ്ഞെടുക്കുകയും അവരുടെ പേര് വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരിച്ച ലിസ്റ്റ് സംബന്ധിച്ച് പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ജനങ്ങളിൽ നിന്ന് ആയത് കൂടി സ്വീകരിച്ച് സർവ്വ സമ്മതമായ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ച് ലിസ്റ്റിലുള്ളവർക്ക് മാത്രം സക്കാത്തും, ഫിത്വർ സക്കാത്തും വിതരണം ചെയ്യണമെന്നാണ് ഇക്കാര്യത്തിലുള്ള കമ്മറ്റിയുടെ അഭിപ്രായം. ഓരോ വർഷവും പുതിയ ലിസ്റ്റ് മേൽപ്രകാരം രൂപം നൽകുന്നതും അഭികാമ്യമാണ്. എല്ലാവർക്കും 200 രൂപ വിതരണം ചെയ്ത് ആർക്കും ഉപയോഗമില്ലാതാക്കുന്നതിന് പകരം ഏറ്റവും അർഹരായവരെ കണ്ടെത്തി നൽകുന്നത് സക്കാത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളോട് നീതി ചെയ്യുന്നതായിരിക്കും എന്നതിൽ സംശയമില്ല.

അതുപോലെ ഉളുഹിയത്ത് വിതരണത്തിലെ പാകപ്പിഴകളും ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങളും നാം ആലോചിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഉളുഹിയത്തിന്റെ മാംസം ലഭിച്ചില്ല എന്ന പരാതിയും വൈകി ലഭിച്ചുവെന്ന ആക്ഷേപങ്ങളും ഇപ്പോഴും സജ്ജീവമാണ്. പരാതികൾ പരിഹരിക്കപ്പെടുന്നുണ്ടെങ്കിലും ഇത് ഓരോ വർഷത്തെയും സക്കാത്ത്, ഫിത്വർ സക്കാത്തിന്റെയും, ഉളുഹിയത്തിന്റെയും വിജയത്തിന്റെ നിറം കെടുത്തുന്നതിൽ മഹല്ല് കമ്മറ്റി അസ്വസ്ഥമാണ്. കഴിഞ്ഞ വർഷം ഓരോ പ്രദേശങ്ങളിലെയും നമസ്കാര പള്ളികൾ

കേന്ദ്രീകരിച്ച് ഉളുഹിയത്ത് അറവ് നടത്തിയിട്ടുള്ളതിനാൽ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ മദ്രസ്സകളുടെ പരിസരത്തും ഉളുഹിയത്ത് നടത്തുകയും അതാത് ഭാഗത്തുള്ളവർക്കുള്ള ഇറച്ചി ഉളുഹിയ ത്തിന്റെ സ്ഥലത്ത് വന്ന് അവർ നേരിൽ കൈപ്പറ്റുന്നതും ഉചിതമായിരിക്കുമെന്നും കമ്മറ്റി കരുതുന്നു. അങ്ങിനെയാണെങ്കിൽ വിതരണത്തിലെ അപാകതകൾ സമയം വൈകൽ വിതരണ ചിലവ് എന്നിവ ഇല്ലാതാക്കാൻ കഴിയും. ഓരോ കുടുംബത്തിനും അവരുടെ നമ്പർ രേഖപ്പെടുത്തിയ ടോക്കണുകൾ മുൻകൂറായി വീടുകളിൽ എത്തിച്ചു നൽകി ഉളുഹി യത്ത് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്നും കമ്മറ്റി കരുതുന്നു.

മേൽ നിർദ്ദേശങ്ങൾ ഈ പൊതുയോഗം നിർബന്ധമായും ചർച്ച ചെയ്യണമെന്നാണ് കമ്മറ്റിയുടെ അഭിപ്രായം. ആയതിന് വേണ്ടി ഉളുഹിയത്ത്, ഫിത്വർ സക്കാത്ത്, സക്കാത്ത് എന്നിവയുടെ വിതരണം സംബന്ധിച്ച ചർച്ചയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളെക്കാളും നേട്ടങ്ങളേക്കാളും ഉപരിയായി മഹല്ലിന്റെ അന്തസ്സും ഖ്യാതിയും മാത്രം മനസ്സിൽ കണ്ട് ഈ ചർച്ചയിൽ അംഗങ്ങൾ സജ്ജീവമായി പങ്കെടുത്ത് മഹല്ലിന് അനുഗുണമായ ഐക്യകണ്ഠേനയുള്ള തീരുമാനത്തിൽ എത്തണ മെന്ന് അഭ്യർത്ഥിക്കുന്നു.

സക്കാത്തിന്റെ ഇസ്ലാമിക കാഴ്ചപ്പാട് വിശദമാക്കി മഹല്ല് ഇമാം ജ. വി.എം. സുലൈമാൻ മൗലവിയുടെ കുറിപ്പ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. മഹല്ല് കമ്മറ്റിയുടെ നിർദ്ദേശ ങ്ങൾക്ക് ബദലായി അതല്ലെങ്കിൽ ഏതെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുണ്ടെങ്കിൽ ആയത് എഴുതി സമർപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. നല്ല തീരുമാനങ്ങൾ എടുക്കാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

**കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം.**

പ്രിയപ്പെട്ടവരെ, മഹല്ലിന്റെ സ്ഥാവര ജംഗമ സ്വത്തുക്കൾ വർദ്ധിപ്പിച്ച് മഹല്ലിന് സ്ഥായി യായ വരുമാന മാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നത് മഹല്ല് ഭരണസമിതിയുടെ അടിസ്ഥാന ധർമ്മങ്ങളിൽ ഒന്നായി ഞങ്ങൾ കരുതുന്നു. ആയത്കൊണ്ട് തന്നെയാണ് 2008-2010 വർഷ ങ്ങളിൽ 85,00,000 രൂപ ചിലവഴിച്ച് മഹല്ല് റെസിഡെൻഷ്യൽ & ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തീകരിച്ചത്. ഇപ്പോൾ മുൻ പൊതുയോഗങ്ങളുടെ തീരുമാനപ്രകാരം തെക്കേ പറമ്പിലെ കുടികിടപ്പൊഴിവാക്കി മറ്റൊരു ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം മഹല്ല് കമ്മറ്റി ആരംഭിച്ചിട്ടുണ്ട്. ഏകദേശം 3 കോടി രൂപയോളം ചിലവ് വരുന്ന അതിബൃഹത്തായ ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ 3 നിലകളിലായി 80 ൽ പരം ഷോപ്പ് റൂമുകളും വിശാലമായ പാർക്കിംഗ് സംവിധാനങ്ങളുമുള്ള കൊടുങ്ങല്ലൂരിലെ ഏറ്റവും വലിയ കെട്ടിട സമുച്ചയമായി ഇത് മാറും. സാമ്പത്തികമായി ഏറെ പ്രതിസന്ധി കൾ സൃഷ്ടിക്കുന്ന ഒരു പദ്ധതിയാണ് മഹല്ല് കമ്മറ്റി ഏറ്റെടുത്തിട്ടുള്ളതെങ്കിലും വൈകി ച്ചാലും മാറ്റിവെച്ചാലും ലക്ഷങ്ങളുടെ നഷ്ടങ്ങൾ വന്നുകൊണ്ടിരിക്കും എന്ന് ബോധ്യമു ള്ളത് കൊണ്ടാണ് സർവ്വശക്തന്റെ മാത്രം സഹായം പ്രതീക്ഷിച്ച് നാം ഈ പദ്ധതി തുടങ്ങി വെച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിന് ശേഷം പല ഘട്ടങ്ങളിലും സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടെങ്കിലും അതെല്ലാം തരണം ചെയ്യാൻ കഴി ഞ്ഞിട്ടുണ്ട്. നിർമ്മാണപ്രവർത്തനം തടസ്സം കൂടാതെ നടക്കുന്നതിന് മഹല്ല് ഭരണഘടന 2.3.3.4 വകുപ്പു പ്രകാരം മഹല്ല് അംഗങ്ങളിൽ നിന്ന് ഈ റിപ്പോർട്ട് വർഷം 8 ലക്ഷം രൂപയും സമൂഹ വിവാഹ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും കമ്മറ്റി ലോണായി സ്വീകരിച്ചിട്ടുണ്ട്. മഹല്ല് കമ്മറ്റിയിലുള്ള വിശ്വാസത്താൽ നാം സമീപിച്ച ആരും നമ്മുടെ ആവശ്യത്തെ

തിരസ്ക്കരിച്ചിട്ടില്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. നിർമ്മാണത്തിന്റെ ഇനിയുള്ള ഘട്ടങ്ങളിലും മഹല്ലിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാമ്പത്തിക ഭദ്രത യുള്ള കുടുംബങ്ങൾ തയ്യാറാകണമെന്നും ഹ്രസ്വമായ കാലയളവിലേക്ക് മഹല്ല് കമ്മറ്റിക്ക് വായ്പ നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വാർഷിക പൊതുയോഗം ഏകദേശം 6 കോടിയോളം രൂപ മുതൽ മുടക്കുള്ള വടക്കേപറമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അൽ ബറാക്ക കമ്പനിയുമായി ഒരു കരാർ ഒപ്പിടുന്നതിന് അനുമതി നൽകിയിരുന്നതും പദ്ധതിയുടെ രൂപ രേഖക്ക് മാറ്റം വരുത്തി എസ്റ്റിമേറ്റ് സംഖ്യ 14 കോടിയാക്കി വർദ്ധിപ്പിച്ചത് ചർച്ച ചെയ്യാൻ വിളിച്ചുകൂട്ടിയ പ്രത്യേക പൊതുയോഗം കരാർ കാലാവധിയുടെ ദൈർഘ്യം മഹല്ലിന് ഗുണകരമല്ലെന്ന് നിശ്ചയിച്ച് പദ്ധതി തൽക്കാലം മരവിപ്പിച്ചതും ഈ അവസരത്തിൽ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടു ത്തുന്നു.

തുടർന്ന് അൽ ബറാക്ക കമ്പനി ഭേദഗതികളുമായി മഹല്ല് കമ്മറ്റിയെ സമീപിച്ചിരുന്നു വെങ്കിലും മഹല്ല് പൊതുയോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർചർച്ച കൾക്ക് കമ്മറ്റി തയ്യാറായിട്ടില്ലെന്നും അംഗങ്ങളെ അറിയിക്കുന്നു. മഹല്ല് നിർമ്മാണ പ്രവർത്ത നങ്ങൾ ഒരിടവേളക്ക് ശേഷമാണ് ഇപ്പോൾ പുനരാരംഭിച്ചിട്ടുള്ളത്. 30 പരം വർഷം പഴക്ക മുള്ള 15 ഷോപ്പ് റൂമുകൾ മാത്രമാണ് നമ്മുടെ ആകെ വരുമാനം ഇതു മാറ്റി നമുക്ക് കൂടുതൽ വരുമാനമുണ്ടാക്കാനുള്ള ശ്രമങ്ങൾ മഹല്ല് കമ്മറ്റി തുടർന്നുകൊണ്ടേയിരിക്കും. സാമ്പത്തി കമായി സ്വയംപര്യാപ്തമായ ഒരു മഹല്ലായി നാം മാറണം അതിനുള്ള ധീരമായ തീരുമാന ങ്ങൾ എടുക്കാനും നടപ്പിലാക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹു ഇക്കാര്യത്തിൽ നമ്മോടൊപ്പം ഉണ്ടാകുമെന്നതിൽ സംശയമില്ല. തീർച്ചയായും നമ്മുടെ ഉദ്ദേശം അവനല്ലാതെ മറ്റാരും അറിയുന്നുമില്ല. അതോടൊപ്പം നമ്മുടെ അസ്ഥിത്വവും അവശേഷിക്കുന്ന തുച്ഛമായ ഭൂസ്വത്തും നാം ആർക്കും അടിയറ വെയ്ക്കാതിരിക്കാനുമുള്ള ജാഗ്രതയും നമുക്കുണ്ടാകണം.

**മഹല്ല് വക ഭൂസ്വത്തുക്കളുടെ പട്ടയം**

ചിരപുരാതനവും ചരിത്ര പ്രസിദ്ധവുമായ നമ്മുടെ ജുമുഃ മസ്ജിദിന്റെ കൈവശമുള്ള ഭൂമിക്ക് ഭൂരേഖകളൊന്നും ഇല്ലായിരുന്നുവെന്നത് നമ്മെ സംബന്ധിച്ചിടത്തോളം വലിയ പോരായ്മയായിരുന്നു. വില്ലേജ് രേഖകളിലും പുരാവസ്തു രേഖകളിലും പള്ളി വക സ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് നമ്മുടെ കൈയ്യിൽ രേഖകളൊന്നും ഇല്ലാ യിരുന്നു. മസ്ജിദ് വക സ്വത്തുക്കളുടെ ഭൂരേഖകൾ കരസ്ഥമാക്കുന്നതിന് കഴിഞ്ഞ 2 വർഷ മായി കമ്മറ്റി നിരന്തര ശ്രമങ്ങൾ നടത്തിവരുന്നതിന്റെ ഫലമായി റവന്യൂ വകുപ്പിൽ നിന്നും മസ്ജിദ് വക ഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടുള്ള വിവരം മഹല്ല് നിവാസികളെ സന്തോഷ പൂർവ്വം അറിയിക്കട്ടെ. പട്ടയ രേഖകൾ കരസ്ഥമാക്കാനുള്ള ശ്രമത്തിൽ മേത്തല വില്ലേജ് ഓഫീസർ, വില്ലേജ് ഉദ്യോഗസ്ഥർ, റവന്യൂ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പ്, പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരിൽ നിന്ന് അകമഴിഞ്ഞ സഹായങ്ങൾ മഹല്ല് കമ്മറ്റിക്ക് ലഭിച്ചത് നന്ദിയോടെ ഓർക്കുന്നു. നൂറ്റാണ്ടുകളായി കേരള ചരിത്രത്തിന്റെ ഭാഗമായ ഈ പുണ്യ പുരാതന ജുമാ മസ്ജിദിന് ഈ കമ്മറ്റിയുടെ കാലയ ളവിൽ അതിന്റെ ഭൂപ്രമാണങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യവും, സർവ്വശക്തനോടുള്ള നന്ദിയും വിനയപൂർവ്വം പ്രകടിപ്പിക്കട്ടെ.

പ്രിയപ്പെട്ടവരെ, കഴിഞ്ഞ പൊതുയോഗത്തിൽ മഹല്ല് നബിദിനാഘോഷത്തെ കുറിച്ച് വളരെ വിശദമായ ചർച്ചകൾ നടന്നിരുന്നു. കൂടുതൽ വിപുലമായി മീലാദ് ശരീഫ്

സംഘടിപ്പിക്കാൻ പൊതുയോഗം തീരുമാനിച്ചിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തവണ നബിദിനാഘോഷ നടത്തിപ്പിന് മഹല്ല് അംഗങ്ങളുടെ ജനകീയ കമ്മറ്റിക്ക് മഹല്ല് കമ്മറ്റി രൂപം നൽകുകയും മദ്രസ്സ അഡ്വൈസറി കമ്മറ്റി ഉൾപ്പെടെ നബിദിനാഘോഷത്തിന്റെ വിജയത്തിന് അക്ഷീണം പ്രവർത്തിച്ചിട്ടുണ്ടെന്നും മഹല്ല് അംഗങ്ങളെ അറിയിക്കട്ടെ. ഊർജ്ജസ്വലരായ ഒരു കൂട്ടം ചെറുപ്പക്കാർ നേതൃത്വം ഏറ്റെടുത്ത് മഹല്ലിന്റെ പരിപാടിക്ക് വളരെ ആസൂത്രിതമായി രൂപം നൽകി വിജയത്തിലെത്തിച്ചത് മഹല്ലിന്റെ മാറ്റത്തിന്റെ നാന്ദിയായി കമ്മറ്റി കണക്കാക്കുന്നു. മറ്റു മഹല്ലുകളിൽ ചെറുപ്പക്കാർ മസ്ജിദ് കാര്യങ്ങൾ സജ്ജീവമായി ഇടപെടുമ്പോൾ അപ്രകാരം ഒരു സംസ്കാരം ഇല്ലാതിരുന്നത് ഈ നബിദിനാഘോഷപരിപാടിയോടെ മാറ്റം വന്നത് ഞങ്ങൾ സർവ്വശക്തനോട് നന്ദി പറയുന്നു. അഡ്വൈസറി കമ്മറ്റി അംഗങ്ങളും മസ്ജിദിന്റെ പരിസരത്തെ ചെറുപ്പക്കാരും മീലാദ് ശെരീഫ് ആഘോഷമാക്കിമാറ്റിയെടുക്കാൻ പിഴവുകളില്ലാതെ മാതൃകാപരമായി പ്രഴർത്തിക്കുകയുണ്ടായി. നബിദിനാഘോഷം മഹല്ലിന്റെ എല്ലാ ഭാഗങ്ങളിലും സമുചിതമായി ആചരിച്ചിട്ടുണ്ട്. എല്ലാ മദ്രസ്സ അഡ്വൈസറി കമ്മറ്റികളും പ്രദേശവാസികളും കൂട്ടായി കുട്ടികളുടെ കലാപരിപാടികൾ വഅള് പരമ്പരകളും അന്നദാനവും വിപുലമായി തന്നെ നടത്തിയിട്ടുണ്ട്. നമ്മുടെ മസ്ജിദ് കോമ്പൗണ്ടിൽ പതിറ്റാണ്ടുകൾക്ക് ശേഷം ഒരു വഅള് പരമ്പര നടത്തിയത് മസ്ജിദിന് സമീപമുള്ള യുവാക്കളുടെ കൂട്ടായ്മയാണ് മാത്രമല്ല മസ്ജിദിലെ നോമ്പ്തുറയുടെ സർവ്വ സന്നാഹങ്ങളും ഏറ്റെടുത്ത് നടത്തുന്ന ഒരു കൂട്ടം ചെറുപ്പക്കാരും മുൻ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ നോമ്പ് തുറക്കൽ സമയത്തെ ഹരംകൊള്ളിക്കുന്ന കാഴ്ചയാണ്. നിർദ്ദേശങ്ങളോ, മേധാവിത്വങ്ങളോ ഇല്ലാതെ നോമ്പ് തുറക്കൽ എന്ന പവിത്രമായ ആരാധനയുടെ മുഴുവൻ പുണ്യങ്ങളും തങ്ങൾക്ക് ലഭിക്കണമന്ന് ഒരൊറ്റ ചിന്തയിൽ ഈ ചെറുപ്പക്കാർ എണ്ണയിട്ട യന്ത്രം പോലെ കഴിഞ്ഞ 6 വർഷമായി നമ്മുടെ കൺമുന്നിലുണ്ട്. തീർച്ചയായും നമ്മുടെ മഹല്ല് മാറ്റത്തിന്റെ പാതയിലാണ്. അതിന് നേതൃത്വം നൽകാൻ ഈ ചെറുപ്പക്കാർക്ക് കഴിയട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ഈ റിപ്പോർട്ട് വർഷത്തിലും ഒട്ടനവധി ദേശീയ നേതാക്കളും, വിദേശരാജ്യ പ്രതിനിധികളും നമ്മുടെ പള്ളിയിൽ സന്ദർശനത്തിനെത്തിയിട്ടുണ്ട്. മുസ്രിസ് പൈതൃക പദ്ധതിയെ ഏറ്റവും ആകർഷകമാക്കുന്നതിന് നമ്മുടെ മസ്ജിദ് വഹിച്ചിട്ടുള്ള പങ്ക് നിസാരമല്ല. ആയതുകൊണ്ട് മുസ്രിസിന്റെ വഴി തേടിയെത്തുന്ന നൂറ് കണക്കിന് ആളുകൾ ഇവിടെ വന്നു പോകുന്നു. ഒപ്പം മുൻവർഷങ്ങളേക്കാൾ വ്യത്യസ്തമായി സിയാറത്ത് സഞ്ചാരികളുടെ വരവും ഗണ്യമായി വർദ്ധിച്ചതായി കാണുന്നു. പ്രശസ്തിയുടെ പടവുകൾ താണ്ടുന്ന സർവ്വശക്തന്റെ ഈ ഭവനം അതർഹിക്കുന്ന വിധം പരിപാലിക്കാൻ പ്രാപ്തി നൽകട്ടെയെന്നും ദുആ ചെയ്യുന്നു.

ബഹുമാനപ്പെട്ട മഹല്ല് ഓഡിറ്റർമാരായ എൻ.എ. അലി, സി.എ. അബ്ദുൾ റഷീദ് എന്നിവരുടെ കഴിഞ്ഞ വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ശുപാർശ പ്രകാരം മഖ്ബറയിലെ രശീതി സമ്പ്രദായം ഒഴിവാക്കുകയും പകരം കൂപ്പൺ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മഹല്ല് കമ്മറ്റി ഓഫീസിന്റെയും മഖ്ബറ ക്ലാർക്കിന്റെയും ജോലി മൂന്നിലൊന്നായി കുറക്കാനും സുഗമമായ കണക്കുപരിശോധനയ്ക്കും ഓഡിറ്റിംഗിനും ഇത് കാരണമായിട്ടുള്ളതിനാൽ ആഡിറ്റർമാരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

കഴിഞ്ഞ വർഷത്തെ പൊതുയോഗ റിപ്പോർട്ടിൽ അടുത്ത ഭരണസമിതി മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കേണ്ട 14 കാര്യങ്ങളിൽ പലതും ചുരുങ്ങിയ കാലം കൊണ്ട് പൂർത്തീകരിക്കാൻ മഹല്ല് കമ്മറ്റിക്കായിട്ടുണ്ട്. അവശേഷിക്കുന്നത് 2013-2014 വർഷം കൊണ്ട് ചെയ്തു

തീർക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. പോരായ്മകൾ ഏറെയുണ്ടായിരുന്ന ഒരു പ്രവർത്തനവർഷം കൂടിയാണ് കടന്നുപോയതെന്ന് ഞങ്ങൾ സ്വയം വിമർശനത്തോടെ വിലയിരുത്തുന്നു. ഇനിയും ഏറെ കാര്യങ്ങൾ ചെയ്യാമായിരുന്നത് മാനുഷികമായ ഞങ്ങളുടെ പരിമിതികൾ കൊണ്ടാണെന്ന് ഞങ്ങൾ വിലയിരുത്തുന്നു. ഞങ്ങളുടെ മനസ്സിലേയും കണ്ണുകളിലേയും സ്വപ്നങ്ങളും പ്രതീക്ഷകളും സർവ്വശക്തൻ പൂർത്തീകരിക്കുമെന്ന് വിശ്വസിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ പൊറുത്ത് തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് 16-06-2013 ൽ കൂടുന്ന പൊതുയോഗത്തിന്റെ ചർച്ചക്കായി സമർപ്പിക്കുന്നു.

വിശ്വസ്തയോടെ,
മഹല്ല് കമ്മറ്റിക്ക് വേണ്ടി
എസ്.എ. അബ്ദുൾ ഖയ്യൂം (ഒപ്പ്)
സെക്രട്ടറി, ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2012 – 2013 സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | വൈദ്യുതി | 1,40,000 | 1,76,626 | 36,626.00 |
| 2 | മദ്രസ്സകൾ | 2,00,000 | 2,82,519 | 82,519.00 |
| 3 | ശമ്പളം, അലവൻസ് | 21,00,000 | 24,88,900 | 3,88,900.00 |
| 4 | മദ്രസ്സ ഗ്രാന്റ് | 1,25,000 | 1,30,000 | 5,000.00 |
| 5 | പൊതുയോഗം | 45,000 | 54,824 | 9,824.00 |
| 6 | മെസ്സ് | 1,80,000 | 2,25,630 | 45,630.00 |
| 7 | നബിദിനം | 50,000 | 55,807 | 5,807.00 |
| 8 | മരണാനന്തര സഹായം | 2,50,000 | 3,30,122 | 80,122.00 |
| 9 | മദ്രസ്സ ട്യൂഷൻ | 4,00,000 | 4,04,802 | 4,802.00 |
| 10 | മസ്ജിദ് | 5,00,000 | 5,57,597 | 57,597.00 |
| 11 | യാത്ര | 15,000 | 16,500 | 1,500.00 |
| 12 | വിവാഹ സഹായം | 1,50,000 | 1,90,000 | 40,000.00 |
| 13 | കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം | 15,00,000 | 46,61,521 | 31,61,521.00 |
| | | | ആകെ | 39,19,848.00 |

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

### സക്കാത്ത്- ഫിത്വർ സക്കാത്ത് ശേഖരണം, വിതരണം സംബന്ധിച്ച്

# മഹല്ല് ഇമാമിന്റെ കുറിപ്പ്

ഇസ്ലാം കാര്യങ്ങളിലെ മൂന്നാമത്തെ നിർബന്ധ കർമ്മമാണ് സക്കാത്ത്. സക്കാത്ത് എന്ന വാക്കിന്റെ അർത്ഥം ശുദ്ധീകരിക്കുക എന്നതാണ്. മനസ്സും ശരീരവും ഭക്ഷണവും വസ്ത്രവും പാർപ്പിടവുമെല്ലാം പരമശുദ്ധമായിരിക്കണമെന്ന അല്ലാഹുവിന്റെ കല്പ്പനകളുടെ ഒരു ഭാഗം തന്നെയാണ് സമ്പത്തും ശുദ്ധീകരിക്കുകയെന്നത്. സക്കാത്ത് നൽകപ്പെടാത്ത സമ്പത്ത് അശുദ്ധമാകുന്നതുകൊണ്ട് സക്കാത്ത് കൊടുക്കാത്ത ആളുകൾ നരകവാസികളാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. സക്കാത്ത് സ്വർണ്ണത്തിനും, വെള്ളിക്കും അതിനു തുല്യമായ രൂപക്കും നിർബന്ധമാണ്. ആടുമാടുകൾക്കും കൃഷിയിനങ്ങളിലും സക്കാത്ത് നിർബന്ധമുണ്ട്. നമ്മുടെ നാടുകളിൽ അവകൾ നിർബന്ധമാകുന്നതിന്റെ 10 ശതമാനം പോലും എത്തപ്പെടാത്തതുകൊണ്ട് അതിവിടെ വിശദീകരിക്കുന്നില്ല. സ്വർണ്ണത്തിന്റെ കണക്കനുസരിച്ച് രൂപ സമമായി വന്നാൽ സക്കാത്ത് നിർബന്ധമാകും. 85 ഗ്രാം സ്വർണ്ണം അതല്ലെങ്കിൽ 85 ഗ്രാം സ്വർണ്ണത്തിന്റെ വിലയോട് സമമാകുന്ന രൂപ മുഹറം 1 മുതൽ ദുൽഹജ്ജ് 30 വരെ ഒരാളുടെ അധീനതയിൽ ഉണ്ടായാൽ അതിന്റെ രണ്ടര ശതമാനം സക്കാത്ത് കൊടുക്കണം (1 ലക്ഷം രൂപയ്ക്ക് 2500 രൂപ). രണ്ട് വിധേന സക്കാത്ത് നൽകാവുന്നതാണ്. ഒന്ന് നേരിട്ട് അർഹതപെട്ടവർക്ക് എത്തിച്ചുകൊടുക്കുക. രണ്ട് അർഹതപ്പെട്ടവർക്ക് കൊടുക്കാൻ അധികാരപ്പെടുത്തി വിശ്വസ്തനായ ആളെ ഏൽപ്പിക്കുക. അങ്ങിനെ ചെയ്യുമ്പോൾ സക്കാത്ത് കൊടുക്കുന്ന നേരം നിയ്യത്ത് ചെയ്തിരിക്കണം (ഇത് എന്റെ മുതലിന്റെ സക്കാത്ത് കൊടുക്കുന്നു എന്ന് കരുതുക) സക്കാത്ത് വാങ്ങാൻ അർഹതപ്പെട്ടവർ ഖുർആനിൽ പറയുന്നത് 8 വിഭാഗം ആളുകളാണ്. 1 ഫഖീർ (സ്വന്തം ആവശ്യത്തിന്റെ പകുതി പോലും വരുമാനമില്ലാത്തവർ). 2 മിസ്കീൻ (അത്യാവശ്യ കാര്യങ്ങൾക്ക് മതിയായ വരുമാനമില്ലാത്തവർ). 3 സക്കാത്തിന്റെ ജോലിയിൽ വ്യാപൃതരായവർ. 4 മനസ്സിനിണങ്ങി ദീനിലേക്ക് വന്ന പുതുവിശ്വാസികൾ. 5 കടം കൊണ്ട് പ്രയാസപ്പെടുന്നവർ. 6 അടിമകളുടെ മോചനത്തിന്. 7 വഴിയാത്രക്കാർ. 8 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവർ. ഇവരിൽ നിന്നുള്ള നാട്ടിലുള്ള വിഭാഗക്കാർക്കാണ് സക്കാത്ത് കൊടുക്കേണ്ടത്. ഈ 8 വിഭാഗത്തിൽ പെടാത്ത ആളുകൾ സക്കാത്തിന്റെ മുതലിൽ നിന്നും ഒന്നും തന്നെ വാങ്ങുവാൻ പാടില്ലാത്തതാണ്. കാരണം സക്കാത്തിന്റെ അവകാശികൾ മേൽപറഞ്ഞ 8 വിഭാഗക്കാർ മാത്രമാണ്. മറ്റൊരാളുടെ അവകാശവും മുതലും അവിഹിതമായി കൈപ്പറ്റുന്നത് അല്ലാഹു പൊറുക്കാത്ത പാപമാണ്.

മറ്റൊരു സക്കാത്ത് ഫിത്വർ സക്കാത്താണ് നോമ്പ് അവസാനിക്കുന്നതോടെ നിർബന്ധമാകുന്ന കർമ്മമാണ് ഫിത്വർ സക്കാത്. നോമ്പിൽ വന്നുപോയ പാകപിഴകളുടെ പരിഹാരത്തിനും നോമ്പിനെ ശുദ്ധീകരിക്കുന്നതിനും പാവപ്പെട്ടവർക്ക് ഭക്ഷണമായുപയോഗിക്കുന്നതിനുമാണ് ഫിത്വർസക്കാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. പെരുന്നാൾ ദിനത്തിൽ ആരും പട്ടിണി കിടക്കരുതെന്ന വിശാലമായ ലക്ഷ്യവുമാണ് ഇതിലുള്ളത്. ഫിത്വർ സക്കാത്ത് നിർബന്ധമായവർ കുടുംബനാഥന്മാരാണ്. തനിക്കും താൻ ചിലവിന് കൊടുക്കാൻ നിർബന്ധമായ ഓരോരുത്തർക്ക് വേണ്ടിയും 2 കിലോ 600 ഗ്രാം അരി നേരത്തെ പറഞ്ഞ 8 വിഭാഗക്കാർക്ക് കൊടുക്കണം. അന്ന് പ്രസവിക്കപ്പെട്ട കുട്ടിക്ക് പോലും ഇത് കൊടുത്ത് വീട്ടേണ്ടതുണ്ട്. 8 വിഭാഗത്തിൽപ്പെട്ടവർ ഉണ്ടായിരിക്കെ ഈ വിഭാഗത്തിൽ പെടാത്ത ആളുകൾ യാതൊരു കാരണവശാലും ഫിത്വർ സക്കാത്ത് കൈപ്പറ്റുവാൻ പാടില്ലാത്തതാണ്. തനിക്കും താൻ ചിലവിന് കൊടുക്കാൻ നിർബന്ധമായ ആളുകൾക്കും പെരുന്നാൾ രാത്രിയിലും പകലിലും ആവശ്യമായ ഭക്ഷണത്തിനുള്ളത് കഴിച്ച് ബാക്കി വരുന്നവരെല്ലാം ഫിത്വർ സക്കാത്ത് കൊടുക്കാൻ നിർബന്ധിതരാണ്. ഇവരിൽ ഒരു പക്ഷേ സക്കാത്ത് വാങ്ങാൻ അനുവദനീയമായവരുമുണ്ടാകാം. അവിടെ അയാൾക്ക് ഫിത്വർ സക്കാത്ത് വാങ്ങാവുന്നതാണ്. എന്നാൽ ഇന്ന് പലരും സക്കാത്ത് വാങ്ങാൻ അർഹരല്ലെങ്കിലും കഴിഞ്ഞ കാലങ്ങളിൽ സക്കാത്തോ ഫിത്വർ സക്കാത്തോ വാങ്ങിയിരുന്നു എന്നത് കൊണ്ട് അർഹതയില്ലെങ്കിലും സക്കാത്തിനും ഫിത്വർ സക്കാത്തിനും ആവശ്യമുന്നയിക്കപ്പെടുന്നത് കാണുന്നുണ്ട്. ഇത് ഇസ്ലാമിക നിയമങ്ങൾക്ക് വിരുദ്ധമാണ്. മറ്റുള്ളവരുടെ വിഹിതം അനർഹമായി സ്വീകരിക്കുന്നു. എന്നതാണ് ഇതിനർത്ഥം. ചിലരെങ്കിലും വിചാരിക്കുന്നു. പള്ളിയിൽ നിന്നും കിട്ടുന്നത് ബർക്കത്തിന്റെ ഭാഗമാണെന്നും എന്നത് തെറ്റാണ്. അനർഹമായത് വാങ്ങുന്നത് ബർക്കത്തല്ല. അത് മഹാ പാപമാണ്. അനർഹമായി ഭക്ഷിക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും മനസ്സും ശരീരവും മലിനമായി തീരുന്നു. മലിനമായതൊന്നും സ്വർഗ്ഗം സ്വീകരിക്കുന്നതല്ല.

ചേരമാൻ മഹല്ലിനെ സംബന്ധിച്ച് ഏകദേശം 700 ഓളം പേർ 200 രൂപ വീതം സക്കാത്ത് കൈപ്പറ്റുന്നതായി മനസ്സിലാക്കുന്നു. ഇത് പുനപരിശോധനയ്ക്ക് വിധേയമാക്കി സക്കാത്ത് അർഹതപ്പെട്ടവന്റെ കൈകളിൽ മാത്രം എത്തുന്നതിന് മഹല്ല് അംഗങ്ങൾ ജാഗ്രത പുലർത്തേണ്ടതാണ്. അതുപോലെ ഫിത്വർ സക്കാത്ത് മഹല്ലിലെ ഒട്ടുമിക്ക കുടുംബങ്ങളും കൈപ്പറ്റുന്നതായും മനസ്സിലാകുന്നു. മേൽവിവരിച്ച ഇസ്ലാമിക വിധി ഇക്കാര്യത്തിൽ സൂക്ഷ്മമായി നടപ്പിലാക്കാൻ മഹല്ല് അംഗങ്ങളും മഹല്ല് കമ്മറ്റിയും ശ്രദ്ധ ചെലുത്തേണ്ടതും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും ഒഴിവാകേണ്ടതുമാണ്.

**ജ. വി.എം. സുലൈമാൻ മൗലവി, ഇമാം**

# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് ഭരണ സമിതിയുടെ 01-04-2012 മുതൽ 31-03-2013 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്, 2. വൗച്ചർ, 3. പേരേട്, 4. നാൾവഴി, 5. മഖ്ബറ കൂപ്പൺ, നാൾവഴി
6. വിവാഹ സഹായനിധി രശീതി, നാൾവഴി, വൗച്ചർ, 7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്, 9. ലോൺ രജിസ്റ്റർ, 10. വാടക രജിസ്റ്റർ, 11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ, 13. അറ്റന്റൻസ് രജിസ്റ്റർ, 14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്, സമൂഹവിവാഹം
    എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. അക്വിറ്റൻസ് രജിസ്റ്ററിലെ ഒരു പേയ്മെന്റിലും സ്റ്റാമ്പ് ഒട്ടിച്ചതായി കാണുന്നില്ല. 5000 രൂപയിൽ കൂടുതലുള്ള പണം കൈപറ്റുവാൻ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടേണ്ടതാണ്. | 1. മേലിൽ ശ്രദ്ധിക്കുന്നതാണ്. |
| 2. മഖ്ബറ കൂപ്പണുകൾ രജിസ്റ്ററിൽ ചേർത്തത് സെക്രട്ടറി ഒത്തുനോക്കി തിയ്യതി വെച്ച് ഒപ്പിടേണ്ടതാണ്. | 2. ഇപ്പോൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. |
| 3. മെസ് ചെലവുകളിൽ സ്നാക്സ് വാങ്ങിയതിന് പ്രതിമാസം ഏകദേശം 1600 രൂപയോളം ചെലവ് വന്നതായി കാണുന്നു. സ്നാക്സ് വാങ്ങുന്നത് ഒഴിവാക്കി മെസ്സിൽ തന്നെ ഇത് ഉണ്ടാക്കി ചെലവ് കുറക്കേണ്ടതാണ്. | 3. ഈ ചിലവ് ഒഴിവാക്കി മെസ്സിൽ തന്നെ പാകം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4. വൗച്ചർ നമ്പർ 489/12ൽ പുരപണിക്ക് സഹായം കൈപ്പറ്റിയ ആൾതന്നെ വൗച്ചർ നമ്പർ 1182/12 പ്രകാരം പഠന സഹായത്തിനും പണം കൈപ്പറ്റിയിട്ടുണ്ട്. ഒരു വർഷത്തിൽ ഒരാൾക്ക് ഒന്നിലധികം ഇനങ്ങളിൽ ധനസഹായം നൽകാൻ പാടില്ലെന്ന ചട്ടങ്ങൾക്ക് വിരുദ്ധമാണിത്. | 4. ഇരുകാലുകൾക്കും തളർച്ച ബാധിച്ച ടി.ടി.സി. വിദ്യാർത്ഥിക്കാണ് പ്രത്യേക പരിഗണന നൽകി ഈ സഹായം നൽകിയിട്ടുള്ളത്. സൂക്ഷ്മപരിശോധന നടത്തിയതിന് ശേഷമേ ധനസഹായ അപേക്ഷകളിൽ മഹല്ല് കമ്മറ്റി തീരുമാനമെടുക്കാറുള്ളു. |

5. കെട്ടിടങ്ങളുടെ വാടക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കീഴ്‌വഴക്കമാണ് പൊതുവെയുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പ് റൂമുകളുടെ വാടക 28-11-2012 ലെ 8-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം ഗണ്യമായി കുറച്ചതായി കാണുന്നു. നിലവിലെ വാടക അടക്കാൻ കഴിയാത്തവർ കെട്ടിടമൊഴിഞ്ഞ് ഉടമയെ ഏൽപ്പിക്കലാണ് പതിവ്. ഇതിനു വിരുദ്ധമായാണ് വാടകക്കാർക്ക് വാടക കുറച്ചു കൊടുത്തത്. ഇത് അംഗീകരിക്കാൻ കഴിയില്ല.

6. മസ്ജിദ് വക കെട്ടിടങ്ങളിലെ ഇലക്ട്രിക് ബിൽ 4 പ്രാവശ്യം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും അടച്ചതായി കാണുന്നു. വാടകക്കാർ അടക്കേണ്ട കറണ്ട് ബിൽ മസ്ജിദ് ഫണ്ടിൽ നിന്ന് അടച്ചത് ക്രമവിരുദ്ധവും ഉത്തരവാദിത്വ കുറവുമായിട്ടുമാണ് കാണുന്നത്. ഇത്തര വാടകക്കാരിൽ നിന്നും കെട്ടിടം ഒഴിപ്പിച്ചെടുക്കുകയോ അല്ലെങ്കിൽ കറണ്ട് ബിൽ തുക ഈടാക്കേണ്ടതുമാണ്.

7. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ മസ്ജിദ് വക വാടക കെട്ടിടങ്ങളുടെ വാടക പിരിച്ചെടുക്കുന്നതിൽ ഈ സാമ്പത്തിക വർഷവും മഹല്ല് കമ്മറ്റി തികഞ്ഞ ഉദാസീനതയാണ് കാണിച്ചിട്ടുള്ളത്. 6 മാസത്തിൽ പരം വാടക കുടിശ്ശികയുള്ള വാടകക്കാർ നിലവിലുണ്ട്. മാർച്ച് മാസത്തിൽ വാടക ഒന്നായി അടക്കുന്ന പ്രവണതയും ഓഡിറ്റ് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല.

8. വൗച്ചർ എഴുതി പണം നൽകുന്നത് ഓഫീസ് ജീവനക്കാരാണ് ഇത് ശരിയായ നടപടിയല്ല. പണം സ്വീകരിക്കുന്ന വ്യക്തികൾ തന്നെ വൗച്ചർ എഴുതി ഒപ്പിടണം.

അതോടൊപ്പം തന്നെ ഉയർന്ന മാനുഷിക പരിഗണനയും ഓരോ അപേക്ഷയ്ക്കും മഹല്ല് കമ്മറ്റി നൽകാറുണ്ട്. ആയതു കൊണ്ട് ഈ ചെലവ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5. പുതിയഷോപ്പിംഗ് കോംപ്ലക്സിലെ വാടക പരിസരത്തെ മറ്റുകെട്ടിടങ്ങളുടെ വാടകകളേക്കാൾ ഉയർന്നതാണെന്ന് പരക്കെ ആക്ഷേപമുണ്ടായിട്ടുള്ളതാണ്. പല കച്ചവടക്കാരും ഉയർന്ന വാടക മൂലം മുറി ഒഴിവായതുമാണ്. ഈ സാഹചര്യം പരിശോധിച്ചും വാടകക്കാരുടെ അപേക്ഷ പരിഗണിച്ചുമാണ് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയും കുറച്ചത്.

6. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫ്ളാറ്റ് വാടകക്കെടുത്തിരുന്ന വാടകക്കാരൻ സ്ഥലത്തില്ലാതിരുന്നതിനാലാണ് യഥാസമയം കറണ്ട് ബിൽ അടക്കാതിരുന്നത്. വൈദ്യുതി ഡിസ്കണക്ഷൻ ഒഴിവാക്കാനാണ് മഹല്ല് ഫണ്ടിൽ നിന്നും ടി സംഖ്യ അടയ്ക്കാൻ കമ്മറ്റി നിർബന്ധിതമായത്. മേൽ സംഖ്യകൾ വാടകക്കാരിൽ നിന്നും വസൂലാക്കിയിട്ടുള്ളതും ടി വാടകക്കാരനെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

7. വാടക പിരിച്ചെടുക്കുന്നതിലെ പോരായ്മ പരിഹരിക്കുന്നതിന് മഹല്ല് കമ്മറ്റി കർശന നടപടികൾ സ്വീകരിക്കുന്നതും മേലിൽ ഇപ്രകാരമൊരു പരാമർശം ഉണ്ടാകാതിരിക്കാൻ ശ്രമിക്കുന്നതുമാണ്.

8. മേലിൽ വൗച്ചർ എഴുതാൻ കഴിയുന്നവരെ കൊണ്ട് ആയത് എഴുതി ഒപ്പിടുവിക്കുന്നതാണ്.

അതിനുശേഷം മാത്രമേ പണം നൽകാൻ പാടുള്ളു.

9. മസ്ജിദ് വക മെസ്സിലെ ചിലവിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നോമ്പ് കാലത്ത് പോലും മെസ്സിലെ ചിലവുകളിൽ കുറവ് കാണുന്നില്ല. കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും ബഡ്ജറ്റ് അലോട്ട്മെന്റിനപ്പുറത്തേക്ക് ചിലവ് വർദ്ധിക്കാൻ ഇടവരുത്തരുത്.

10. പഠന സഹായത്തിനപേക്ഷിച്ച എല്ലാവർക്കും പ്രതിമാസ സ്കോളർഷിപ്പ് നൽകി വരുന്നതായി കാണുന്നു. ഇതിൽ എല്ലാ വിദ്യാർത്ഥികളും സ്വകാര്യ സ്ഥാപനങ്ങളിലെ പഠിതാക്കളുമാണ്. പഠനത്തിൽ പുറകിലുള്ള സാമ്പത്തിക ശേഷിയില്ലാത്ത കുട്ടികളെ കണ്ടെത്തിയാണ് മഹല്ലിന്റെ വിദ്യാഭ്യാസ സഹായം നൽകേണ്ടത്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ച ആവശ്യമാണ്. 2011 –2012 വർഷ ഓഡിറ്റിൽ 1–ാം നമ്പർ ഓഡിറ്റ് നിർദ്ദേശമായി ടി കാര്യം മഹല്ല് പൊതുയോഗത്തിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്.

11. 7.2.2013 ലെ വൗച്ചർ നമ്പർ 3412/12 പ്രകാരം മുസ്രിസ് പൈതൃക മ്യൂസിയം നിർമ്മാണോത്ഘാടനത്തിന് 8,500 രൂപ ചിലവഴിച്ചതായി കാണുന്നു. സർക്കാർ നടത്തിയ പരിപാടിക്ക് മഹല്ല് ഫണ്ട് ഉപയോഗിച്ചതിന്റെ കാരണം വ്യക്തമല്ല.

12. വൗച്ചർ നമ്പർ 3600/12 തിയ്യതി 25.02.2013 ൽ CC353/11 നമ്പർ കേസ് ആവശ്യത്തിന്

9. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന നിത്യ സംഭവമാണ്. മെസ്സിലെ ചിലവ് നിയന്ത്രിക്കാൻ കമ്മറ്റി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

10. സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് തന്നെയാണ് അവരുടെ ഉപരിപഠനത്തിന് മഹല്ല് കമ്മറ്റി സഹായം നൽകുന്നത്. മാർക്ക് കുറഞ്ഞു എന്നത് കൊണ്ട് സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കാൻ പാടില്ല എന്നാണ് മഹല്ല് കമ്മറ്റിയുടെ നയം. എന്നിരുന്നാലും വിദ്യാഭ്യാസ സഹായം നൽകുന്നതിൽ ഓഡിറ്റ് പരാമർശത്തിലുള്ള പോലെ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.

11. 1.38 കോടി രൂപ അടങ്കൽ നിശ്ചയിച്ച് മഹല്ലിന് അനുവദിച്ചിട്ടുള്ള ഇസ്ലാമിക പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിനാണ് ടി ചിലവ് വന്നിട്ടുള്ളത്. ടി ഉദ്ഘാടന പരിപാടി മഹല്ല് ക്യാമ്പസിൽ നടത്തണമെന്നായിരുന്നു ടൂറിസം വകുപ്പിൽ നിന്നുള്ള നിർദ്ദേശം. അങ്ങിനെയായിരുന്നെങ്കിൽ നമ്മുടെ പരിപാടിയായി കണക്കാക്കി വൻ ചിലവ് മഹല്ല് ഫണ്ടിൽ നിന്നും വരുമായിരുന്നു. ഇതൊഴിവാക്കാനായിരുന്നു നാമമാത്ര സംഖ്യ നൽകി കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, കോട്ടപ്പുറം സെന്റ് മൈക്കിൾ കത്തീഡ്രൽ തുടങ്ങിയ മറ്റു സ്ഥാപനങ്ങളുടെ കൂടി പരിപാടിയുടെ ഒപ്പം മ്യൂസിയം നിർമ്മാണോത്ഘാടനവും കൂടി നടത്തി മഹല്ല് കമ്മറ്റി അധിക ചിലവ് ഒഴിവാക്കിയത്.

12. മഹല്ല് അംഗത്തിന്റെ വിവാഹ തർക്കവുമായി ബന്ധപ്പെട്ട് മഹല്ല് കമ്മറ്റിയെ സാക്ഷി

1200 രൂപ വക്കീൽ ഫീസ് നൽകിയതായി കാണുന്നു. കുടുംബതർക്കത്തിൽ മഹല്ല് സെക്രട്ടറി സാക്ഷിയായ ടി കേസിൽ സർക്കാർ വക്കീലാണ് കേസ് നടത്തുന്നതെന്നിരിക്കെ മഹല്ലിന്റെതല്ലാത്ത ആവശ്യത്തിന് 1200 രൂപ ചിലവഴിച്ചത് ശരിയായ നടപടിയല്ല. ടി സംഖ്യ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

13. പള്ളിയുടെ തെക്കേ കോമ്പൗണ്ടിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ ആരംഭഘട്ടത്തിൽ മഹല്ല് ഫണ്ടിന്റെ നീക്കിയിരിപ്പ് സംഖ്യ 11,69,353 രൂപയാണ്. ഏകദേശം 3 കോടി രൂപയോളം ചിലവ് പ്രതീക്ഷിക്കുന്ന ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് കണ്ടെത്താതെയാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ആയതുകൊണ്ട് തന്നെ നാളിതുവരെയില്ലാത്തവിധം മഹല്ല് ഫണ്ടിലേക്ക് മഹല്ല് അംഗങ്ങളിൽനിന്ന് വായ്പ എടുക്കേണ്ട അവസ്ഥയിലെത്തി. വേണ്ടത്ര ആസൂത്രണമില്ലാതെയും നീക്കിയിരിപ്പില്ലാതെയുമാണ് ഈ പണി ആരംഭിച്ചത്. ഭീമമായ ചിലവ് വരുന്ന ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് മഹല്ല് കമ്മറ്റി മുൻകൈയെടുത്ത് സംഖ്യ കണ്ടെത്താൻ കഴിയാതിരുന്നത് വീഴ്ചയായി കാണുന്നു. മഹല്ല് അംഗങ്ങളിൽ നിന്നോ മഹല്ലിനോട് അനുഭാവമുള്ള മറ്റു സമ്പന്നരിൽ നിന്നോ മഹല്ലിന്റെ ആവശ്യം പറഞ്ഞ് പണം സ്വരൂപിക്കാനുള്ള ശ്രമങ്ങളായിരുന്നു കമ്മറ്റി ചെയ്യേണ്ടിയിരുന്നത്. മഹല്ലിന് സ്ഥിരമായി ലഭിക്കുന്ന വരുമാനസ്രോതസ്സുകളല്ലാതെ മറ്റൊന്നിനും കമ്മറ്റി ശ്രമിക്കുന്നില്ലായെന്നത് ഖേദകരമാണ്.

14. പതിറ്റാണ്ടുകളുടെ ചരിത്രവും പാരമ്പര്യവുമുള്ള ചേരമാൻ ജുമാ മസ്ജിദിന് ഭൂരേഖകൾ ഇല്ലാതിരുന്നത് വൈകിയാണെങ്കിലും നേടിയെടുത്ത മഹല്ല് കമ്മറ്റി അഭിനന്ദനം അർഹിക്കുന്നു.

ഓഡിറ്റേഴ്സ്

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

യാക്കിയ കേസാണിത്. 4 പ്രാവശ്യം മാറ്റിവെക്കപ്പെട്ട ഈ കേസിൽ മഹല്ലിന്റെ അവധി അപേക്ഷക്ക് ചുമതല ഏൽപ്പിക്കപ്പെട്ട വക്കീലിന് നൽകിയ ഫീസാണിത്. ടി സംഖ്യ ബന്ധപ്പെട്ട കുടുംബത്തിൽ നിന്നും ഈടാക്കി മഹല്ല് ഫണ്ടിൽ വരവ് ചേർത്തേണ്ടതാണ്.

13. നിർമ്മാണ പ്രവർത്തനങ്ങൾ മഹല്ലിന്റെ വരവിൽ നിന്നാണ് സാധരണയായി ചെയ്തുവരുന്നത്. ഏകദേശം 1 കോടി രൂപയോളം ചിലവ് വന്ന ഷോപ്പിംഗ് & റെസിഡെൻഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോഴും മഹല്ലിന്റെ ബാങ്ക് ബാലൻസ് മോശമായിരുന്നു. എന്നിരുന്നാലും ആരെയും ആശ്രയിക്കാതെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞു. ഈയൊരു ആത്മവിശ്വാസം കൊണ്ടുതന്നെയാണ് കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുള്ളത്. മഹല്ല് അംഗങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ളത് മഹല്ല് ഭരണഘടന അനുശാസിക്കുന്ന പ്രകാരമാണ്. കൂടുതൽ ധനസമാഹരണത്തിനുള്ള പദ്ധതികൾ മഹല്ല് ആലോചിച്ചുവരുന്നുണ്ട്.

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 17,27,820.00 | 1. | നികുതി | 17,277.00 |
| 2. | ലേലം | 2,46,823.00 | 2. | വിദ്യാഭ്യാസ സഹായം | 1,69,398.00 |
| 3. | ഭണ്ഡാരം | 25,61,850.00 | 3. | പുരപണി സഹായം | 78,500.00 |
| 4. | മഖ്ബറ | 18,05,914.00 | 4. | ചെക്ക് കമ്മീഷൻ | 378.00 |
| 5. | വരിസംഖ്യ | 1,10,740.00 | 5. | മസ്ജിദ് പേരിൽ | 5,57,597.00 |
| 6. | വിവാഹഫോറം | 2,550.00 | 6. | ഇലക്ട്രിസിറ്റി | 1,76,626.00 |
| 7. | വിവാഹഫീസ് | 35,750.00 | 7. | വിവാഹ സഹായം | 1,90,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 150.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 1,30,000.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 800.00 | 9. | ശമ്പളം | 22,89,150.00 |
| 10. | വാടക | 7,56,653.00 | 10. | കൊമേഴ്സ്യൽ കോംപ്ലക്സ് | 46,61,521.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 1,73,495.00 | 11. | റംസാൻ അലവൻസ് | 1,99,750.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 2,753.00 | 12. | പറമ്പ് പേരിൽ | 1,200.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 3,30,235.00 | 13. | മരണാനന്തര സഹായഫണ്ട് | 3,30,122.00 |
| 14. | പൊതുതാൽപര്യഫണ്ട് | 10,868.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 37,500.00 |
| 15. | ക്വാഷൻ ഡെപ്പോസിറ്റ് | 1,31,000.00 | 15. | ക്വാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 73,000.00 |
| 16. | ചരിത്ര പുസ്തകം വിൽപന | 43,800.00 | 16. | ഇലക്ഷൻ ചിലവ് | 1,945.00 |
| 17. | റാത്തീബ് | 25,456.00 | 17. | റാത്തീബ് | 10,379.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 7,590.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 44,524.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 3,822.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 28,203.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 7,925.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 55,104.00 |
| 21. | ലോൺ തിരിച്ചടവ് | 1,53,345.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,05,000.00 |
| 22. | നോമ്പ്തുറക്കൽ | 5,86,706.00 | 22. | നോമ്പ് തുറക്കൽ | 5,15,599.00 |
| 23. | കടുക്കച്ചുവട് മദ്രസ്സ | 150.00 | 23. | നബിദിനാഘോഷം | 55,807.00 |
| 24. | വിദേശ കറൻസി മാറിയത് | 29,105.00 | 24. | മെസ്സ് | 2,25,730.00 |
| 25. | ടി.കെ.എസ്. പുരം മദ്രസ്സ | 100.00 | 25. | വിവാഹ സെസ്സ്, സമൂഹവിവാഹ ഫണ്ടിലേക്ക് | 1,00,500.00 |
| 26. | വിവാഹ സെസ്സ് | 1,00,500.00 | 26. | വിശ്രമകേന്ദ്രം | 2,540.00 |
| 27. | വിശ്രമകേന്ദ്രം | 1,87,970.00 | 27. | മദ്രസ്സ ട്യൂഷൻ | 4,04,802.00 |
| 28. | ഇലക്ഷൻ | 625.00 | 28. | കടുക്കച്ചുവട് മദ്രസ്സ | 20,830.00 |
| 29. | ടോയ്‌ലറ്റ് ബ്ലോക്ക് | 50,000.00 | 29. | ലോകമലേശ്വരം മദ്രസ്സ | 1,25,328.00 |
| 30. | നിർമ്മാണപ്രവർത്തനങ്ങൾക്ക് | | 30. | ടി.കെ.എസ്. പുരം മദ്രസ്സ | 8,530.00 |
| | മഹല്ല് അംഗങ്ങളിൽ നിന്ന് വാങ്ങിയത് | 8,00,000.00 | 31. | വി.ഐ.പി. സന്ദർശനം | 7,088.00 |
| 31. | സമൂഹ വിവാഹ ഫണ്ടിൽ നിന്ന് | | 32. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |
| | അഡ്വാൻസ് | 5,00,000.00 | 33. | ചികിത്സാ സഹായം | 1,05,350.00 |
| 32. | | | 34. | വഖഫ് ബോർഡ് വിഹിതം | 1,00,574.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| | | | 35. | പൊതുയോഗം | 54,824.00 |
| | | | 36. | യാത്രാ ചിലവ് | 16,500.00 |
| | | | 37. | സൗജന്യ മെഡിക്കൽ ക്ലിനിക് | 3,000.00 |
| | | | 38. | ടെലഫോൺ | 16,026.00 |
| | | | 39. | പെൻഷൻ പദ്ധതി | 1,31,700.00 |
| | | | 40. | പത്രം | 2,187.00 |
| | | | 41. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 86,267.00 |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ വരവ് | 1,03,94,495.00 | | ആകെ ചെലവ് | 1,11,46,356.00 |
| | Opening Cash Balance 01-04-12 | 1,891.00 | | Closing Cash Balance 31-03-13 | 6,300.00 |
| | Opening Bank Balance 01-04-12 | 11,69,353.00 | | Closing Bank Balance 31-03-13 | 4,13,083.00 |
| | | 1,15,65,739.00 | | | 1,15,65,739.00 |

# CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2013

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,095.00 |
| 2. | Indian Bank | 7504 | 2,782.00 |
| 3. | Methala Service Bank | 2766 | 3,57,281.00 |
| 4. | Canara Bank | 25221 | 4,595.00 |
| 5 . | HDFC, Kottappuram | 15441770000010 | 22,698.00 |
| 6 . | Federal Bank | 108992 | 23,632.00 |
| | | | |
| | **Total** | | **4,13,083.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)  **എൻ.എ. അലി** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 5,67,197.00 | 24 ബലി മൃഗങ്ങളുടെ വില | 4,36,000.00 |
| എല്ല്, തുകൽ വില്പന | 25,250.00 | വാഹനവാടക, യാത്ര | 10,250.00 |
| മുൻ ബാലൻസ് | 233.40 | കയർ, വൈക്കോൽ, തവിട്, എണ്ണ | 28,055.00 |
| സമൂഹവിവാഹത്തിൽ നിന്നും അഡ്വാൻസ് | 3,00,000.00 | മൃഗപരിപാലനം | 8,400.00 |
| | | അറവ് കൂലി | 57,250.00 |
| | | വിതരണം, ഓട്ടോ | 7,130.00 |
| | | മൃഗങ്ങളെ അറവിനായി വിവിധ സ്ഥലങ്ങളിലെത്തിച്ച വാഹന വാടക, കൂലി | 4,200.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, സമൂഹ വിവാഹ ഫണ്ടിലേക്ക് നൽകിയത് | 25,250.00 |
| | | വേസ്റ്റ്, കുഴിയെടുക്കൽ, ക്ലീനിംഗ് | 9,465.00 |
| | | സമൂഹവിവാഹ ഫണ്ടിലേക്ക് തിരിച്ചടവ് | 3,00,000.00 |
| | | ജോലിക്കാരുടെ ഭക്ഷണം, കിറ്റ്, പന്തൽ | 6,400.00 |
| | | നീക്കിയിരിപ്പ് | 280.40 |
| **ആകെ** | **8,92,680.40** | **ആകെ** | **8,92,680.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| | | | |
|---|---|---|---|
| രശീതി പ്രകാരം | 2,32,232.00 | സക്കാത്ത് വിതരണം 664 x 200 | 1,32,800.00 |
| | | സമൂഹ വിവാഹഫണ്ടിലേക്ക് നൽകിയത് | 99,432.00 |
| | | | |
| **ആകെ** | **2,32,232.00** | **ആകെ** | **2,32,232.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| | | | |
|---|---|---|---|
| രശീതി പ്രകാരം വരവ് | 97,160.00 | അരി വില | 84,730.00 |
| ചാക്ക് വിൽപ്പന | 230.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 1,270.00 |
| മുൻ ബാലൻസ് | 64.00 | കിറ്റ് | 3,375.00 |
| | | വിതരണക്കൂലി, ഓട്ടോ | 8,050.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 29.00 |
| **ആകെ** | **97,454.00** | **ആകെ** | **97,454.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2012-2013

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 2,16,171.00 | 8 കുട്ടികളുടെ വിവാഹത്തിനുള്ള | |
| സംഭാവന | 37,500.00 | സഹായം | 8,00,000.00 |
| സക്കാത്ത് ഫണ്ടിൽ നിന്നുള്ള വരവ് | 99,432.00 | മസ്ജിദ് ഫണ്ടിലേക്ക് അഡ്വാൻസ് | 5,00,000.00 |
| എല്ല് തുകൽ വില്പനയിൽ വരവ് | 25,250.00 | ഉളുഹിയത്ത് അഡ്വാൻസ് | 3,00,000.00 |
| വിവാഹ സെസ്സ് | 1,00,500.00 | ബാലൻസ് നിക്ഷേപം | 2,34,542.00 |
| മുൻ ബാലൻസ് ബാങ്ക് നിക്ഷേപം | 10,28,552.00 | | |
| ഉളുഹിയത്ത് റീഫണ്ട് | 3,00,000.00 | | |
| **ആകെ** | **18,34,542.00** | **ആകെ** | **18,34,542.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

| ബഡ്ജറ്റ് വിശകലനം 2012 – 2013 | | | | | | ബഡ്ജറ്റ് 2013 – 2014 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 14,00,000 | 17,27,820 | | | 15,00,000 | |
| 2 | ഭണ്ഡാരം | 24,00,000 | 25,61,850 | | | 27,00,000 | |
| 3 | മഖ്ബറ | 15,00,000 | 18,05,914 | | | 18,00,000 | |
| 4 | ലേലം | 3,00,000 | 2,46,823 | | | 3,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,50,000 | 1,73,495 | | | 1,75,000 | |
| 6 | പറമ്പ് | 5,000 | 2,753 | | | 5,000 | |
| 7 | നോമ്പ്തുറക്കൽ | 5,50,000 | 5,86,706 | 5,50,000 | 5,15,599 | 5,50,000 | 5,50,000 |
| 8 | വാടക | 8,50,000 | 7,56,653 | | | 8,50,000 | |
| 9 | വരിസംഖ്യ | 30,000 | 1,10,740 | | | 30,000 | |
| 10 | വിവാഹഫീസ് | 5,000 | 35,750 | | | 40,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 500 | 150 | | | 500 | |
| 12 | ലൈബ്രറി | | | 1,00,000 | | | |
| 13 | വിവാഹഫോറം | 1,100 | 2,550 | | | 800 | |
| 14 | സർഫിക്കറ്റ് ഫീസ് | 1,000 | 800 | | | 1,000 | |
| 15 | റാത്തീബ് | 25,000 | 25,456 | 25,000 | 10,379 | 25,000 | 25,000 |
| 16 | പൊതുതാല്പര്യഫണ്ട് | 25,000 | 10,868 | | | 25,000 | |
| 17 | മദ്രസ്സകൾ | | | 2,00,000 | 2,82,519 | | 2,00,000 |
| 18 | മസ്ജിദ് | | | 5,00,000 | 5,57,597 | | 4,00,000 |
| 19 | ശമ്പളം, അലവൻസ് | | | 21,00,000 | 24,88,900 | | 28,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 1,40,000 | 1,76,626 | | 2,00,000 |
| 21 | ടെലഫോൺ | | | 20,000 | 16,026 | | 20,000 |
| 22 | യാത്ര | | | 15,000 | 16,500 | | 20,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 1,25,000 | 1,30,000 | | 1,30,000 |
| 24 | ചികിത്സാ സഹായം | | | 1,50,000 | 1,05,350 | | 1,50,000 |
| 25 | വിവാഹ സഹായം | | | 1,50,000 | 1,90,000 | | 2,00,000 |
| 26 | പുരപണി സഹായം | | | 1,00,000 | 78,500 | | 1,00,000 |
| 27 | കൊമേഴ്സ്യൽ കോംപ്ലക്സ് | | | 15,00,000 | 46,61,521 | | 23,00,000 |
| 28 | പഠന സഹായം | | | 2,00,000 | 1,69,398 | | 2,00,000 |
| 29 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 86,267 | | 1,00,000 |
| 30 | മെസ്സ് | | | 1,80,000 | 2,25,630 | | 2,00,000 |
| 31 | നബിദിനാഘോഷം | | | 50,000 | 55,807 | | 60,000 |
| 32 | മഹല്ല് തെരഞ്ഞെടുപ്പ് | | | 25,000 | | | 30,000 |
| 33. | മഹല്ല് പൊതുയോഗം | | | 45,000 | 54,824 | | 55,000 |
| 34. | കേരള വഖഫ് ബോർഡ് | | | 1,25,000 | 1,00,574 | | 1,25,000 |
| 35 | നികുതി | | | 50,000 | 17,227 | | 50,000 |
| 36 | ചെക്ക് കമ്മീഷൻ | | | 600 | 378 | | 600 |
| 37 | മരണാനന്തര സഹായഫണ്ട് | 2,50,000 | 3,30,235 | 2,50,000 | 3,30,122 | 2,75,000 | 2,75,000 |
| 38 | പത്രം | | | 10,000 | 2,187 | | 3,000 |
| 39 | ചരിത്രപുസ്തകം | 50,000 | 43,800 | 1,00,000 | | 50,000 | 1,00,000 |
| 40 | വിശ്രമകേന്ദ്രം | 1,50,000 | 1,87,970 | 2,00,000 | 2,540 | 1,75,000 | 50,000 |
| 41 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 50,000 | 37,500 | | 50,000 |
| 42 | സൗജന്യ മെഡിക്കൽ ക്ലിനിക്ക് | | | 50,000 | 3,000 | | 50,000 |
| 43 | മദ്രസ്സ ട്യൂഷൻ | 7,00,000 | | 4,00,000 | 4,04,802 | 7,56,000 | 4,50,000 |
| 44. | ബിൽഡിംഗ് മെയിന്റനൻസ് | | | 1,00,000 | | | 50,000 |
| 45. | പെൻഷൻ | | | 1,50,000 | 1,31,700 | | 1,50,000 |
| 46 | കരുതൽ സംഖ്യ | | | | | | 1,64,700 |
| | | | | | | | |
| | | | | | | | |
| | **ആകെ** | | | | | 92,58,300 | 92,58,300 |

# അറിയിപ്പ്

1. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 23.06.2013 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്.എസ്.എൽ. സി., പ്ലസ്ടു, ഡിഗ്രി, തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷ കളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 18.06.2013 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

2. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 30-06-2013 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതു പരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 06-05-2013 മുതൽ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ട്യൂഷൻ ക്ലാസ്സിൽ വരുന്നതിനുള്ള വാഹന സൗകര്യവും കമ്മറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീ സുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

5. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാ ഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി



> നിശ്ചയമായും സത്യവിശ്വാസം കൈക്കൊണ്ടവരും, യഹൂദന്മാരും, ക്രിസ്ത്യാനികളും, സാബികളും ആരെല്ലാം അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവർക്ക് അവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്കലുണ്ട്. അവരിൽ ഭയം ഉണ്ടാകുന്നില്ല. അവർ ദുഃഖിക്കുകയുമില്ല.

**(വിശുദ്ധ ഖുർആൻ 2:62)**
















# CHERAMAN JUMA MASJID

(THE FIRST MASJID IN INDIA & SECOND JUMA MASJID IN WORLD)

**Kodungallur - 680 664, Thrissur Dt., Kerala, India**

Tel: +91480 2803170.

Website : www.cheramanmosque.com | www.cheramanjumamasjid.com

E-Mail: info@cheramanmosque.com | cheramanmasjid@gmail.com

Excel Offset, Kdlr. : 9846188850